KOTTAYAM PUBLIC LIBRARY

ന൨൪൦

Call No. ANA-B Acc. No. 26522

Author ആനന്ദവല്ലി. പി

Title ബാലരാമായണം

915

# ബാലരാമായണം

(ലഘുഗദ്യപ്രബന്ധം)

26522

ഗ്രന്ഥകർത്രി,

പി. ആനന്ദവല്ലി

'വിദ്യാരംഭം' പ്രസ്സ് & ബുക്ക്ഡിപ്പോ,

മുല്ലയ്ക്കൽ, ആലപ്പുഴ.

NATIONAL BOO...
SPCS
LTD.
BR. KOTTAYA...

കാപ്പിറൈററ് വിദ്യാരംഭംപ്രസ്സിന്നു്.

1127—1951

വില എട്ടണ.

"വിജ്ഞാനപോഷിണി"പ്രസ്സിൽ

അച്ചടിച്ചതു്.

# വിഷയവിവരം


1. പുത്രോല്പത്തി
2. യാഗരക്ഷ
3. സീതാകല്യാണം
4. പട്ടാഭിഷേകവിഘ്നം
5. ദശരഥന്റെ ചരമം
6. പാദുകപട്ടാഭിഷേകം
7. പഞ്ചവടീവാസം
8. സീതാപഹരണം
9. സുഗ്രീവസഖ്യം
10. ബാലിവധം
11. സീതാന്വേഷണം
12. ലങ്കാദഹനം
13. രാവണവധം
14. രാമപട്ടാഭിഷേകം.

# ബാലരാമായണം

## (ലഘുഗദ്യപ്രബന്ധം)

### 1. പുത്രോല്പത്തി

പണ്ടു് കോസലരാജ്യത്തു് ദശരഥൻ എന്നൊരു രാജാവുണ്ടായിരുന്നു. അയോദ്ധ്യാനഗരമായിരുന്നു അദ്ദേഹത്തിന്റെ രാജധാനി. നാലുപാടും വളഞ്ഞൊഴുകുന്ന സരയൂനദിയുടെ തീരത്തിലാണു് ആ നഗരം സ്ഥിതിചെയ്തിരുന്നതു്. നീതിമാനായ മനുവിന്റെ പിൻഗാമികളായ സൂര്യവംശരാജാക്കന്മാരിൽ ദശരഥൻ അഗ്രഗണ്യനായിരുന്നു. അദ്ദേഹം അപാരമായ ബുദ്ധിവിലാസംകൊണ്ടും അമിതമായ ബാഹുപരാക്രമംകൊണ്ടും വീര്യശൗര്യങ്ങൾകൊണ്ടും സകല രാജാക്കന്മാരെയും ജയിച്ചു് 'ചക്രവർത്തി'പദം സമ്പാദിച്ചു. കൂടാതെ ധർമ്മനിഷ്ഠയും ദൈവഭക്തിയുംകൊണ്ടു് "രാജർഷി"യെന്നും ഭരണനൈപുണ്യവും പ്രജാവാത്സല്യവുംകൊണ്ടു് "ലോകപിതാ"വെന്നും ഉള്ള രണ്ടു പ്രശസ്തനാമങ്ങൾകൂടെ അചിരേണ അദ്ദേഹം കരസ്ഥമാക്കി. കൌസല്യ, കൈകേയി, സുമിത്ര എന്നീ മൂന്നു സതീരത്നങ്ങളായിരുന്നു ആ രാജശേഖരന്റെ പത്നിമാർ. രൂപസൗഭാഗ്യം, സൗശീല്യം, പതിഭക്തി മുതലായ ഉത്തമഗുണങ്ങൾക്കു് വിളനിലങ്ങളായ ഈ രാജ്ഞിമാർ രാജ്യകാര്യങ്ങളിലും കൂടക്കൂടെ ദശരഥനെ സഹായിച്ചുകൊണ്ടിരുന്നു.

ഇപ്രകാരമെല്ലാം സർവൈശ്വര്യസമ്പന്നനായിരുന്നിട്ടും ആ രാജാവിനു് ഒരു വലിയ കുറവുണ്ടായിരുന്നു.

അതു് സന്താനസൗഭാഗ്യം ഇല്ലായിരുന്നതുതന്നെ. "മുട്ടുകുത്തിക്കളിച്ചു് ഓമൽപുഞ്ചിരിക്കൊഞ്ചൽ കാട്ടുന്ന കുഞ്ഞുങ്ങളെ തൻെറ ഗൃഹത്തിൽ കാണാൻകഴിയാത്ത" മനുഷ്യനു് മററുള്ള സുഖസൗകര്യങ്ങൾകൊണ്ടു് എന്തു പ്രയോജനം? ഒരു രാജാവിനായിരുന്നാൽ പിന്നെ പറയുകയും വേണ്ടാ. നാനാതരത്തിലുള്ള ദാനധർമ്മങ്ങൾ ചെയ്തിട്ടും പുണ്യക്ഷേത്രങ്ങളും തീർത്ഥസങ്കേതങ്ങളും മററും സന്ദർശിച്ചിട്ടും ദശരഥനു പുത്രലാഭം സിദ്ധിച്ചില്ല. തന്നിമിത്തം രാജകുടുംബവും പ്രജകളും ഒരുപോലെ ദുഃഖിതരായി. ദശരഥനു വാർദ്ധക്യകാലവും സമീപിച്ചു. ഒരുദിവസം അദ്ദേഹം കുലഗുരുവായ വസിഷ്ഠനോടു് ഇപ്രകാരം സങ്കടം പറഞ്ഞു.

ദശരഥൻ:—"ഗുരോ! എൻെറ ഇപ്പോഴത്തെ ദയനീയസ്ഥിതി അവിടുന്നു് അറിയുന്നുണ്ടല്ലോ? എനിക്കു വാർദ്ധക്യകാലം ആരംഭിച്ചുകഴിഞ്ഞു. പുത്രഭാഗ്യമില്ലാതെ എൻെറ ജീവിതം അവസാനിച്ചാൽ സൂര്യവംശത്തിൻെറ ഭാവി ദയനീയമായിരിക്കും."

വസിഷ്ഠൻ:—"ദശരഥാ! ഞാൻ എല്ലാം അറിയുന്നുണ്ടു്. ഈശ്വരൻ നിന്നെയും കോസലരാജ്യത്തെയും അനുഗ്രഹിക്കും. ഉടനെതന്നെ "പുത്രകാമേഷ്ടി" എന്ന ഒരു മഹായാഗം നടത്തണം. അതിൽനിന്നും സൂര്യകുലസംരക്ഷണത്തിനുള്ള ഉപായം കണ്ടെത്തുകതന്നെ ചെയ്യും."

ഇതുകേട്ടു് ദശരഥൻ അത്യന്തം സന്തോഷിച്ചു. അദ്ദേഹം വസിഷ്ഠൻെറ നിർദ്ദേശം അനുസരിച്ചു് "ഋശ്യശൃംഗ"മഹർഷിയെ വരുത്തി പുത്രകാമേഷ്ടി തുടങ്ങിച്ചു. ഈ മഹായാഗത്തിൻെറ ഫലമായി രാജ്ഞിമാർ മൂന്നുപേരും ഒരുപോലെ ഗർഭംധരിച്ചു. ഈ മംഗളവാർത്ത

യറിഞ്ഞു് ദശരഥനും രാജ്യവാസികളും ആനന്ദസാഗരത്തിലാറാടി.

അയോദ്ധ്യാവാസികരം പത്തുമാസം ഉത്സവമായിട്ടു തന്നെ കഴിച്ചു. കാലമായപ്പോരം ദശരഥൻെറ രാജ്ഞിമാർ മൂവരും പ്രസവിച്ചു. ഇവരിൽ കൗസല്യയും കൈകേയിയും ഓരോന്നും സുമിത്ര രണ്ടും ആൺകുഞ്ഞുങ്ങളുടെ അമ്മമാരായി. ചക്രവത്തിയുടെ സന്താനസൗഭാഗ്യമറിഞ്ഞു് സാമന്തരാജാക്കന്മാരും പ്രഭുക്കളും മററും രാജധാനിയിലെത്തി കുമാരന്മാക്ക വിലപിടിച്ച പല സമ്മാനങ്ങരം കാഴ്ചവച്ചു് ആശിസ്സരുളി. ഒരാഴ്ചയോളം ഉത്സവങ്ങളും ആഹ്ളാദപ്രകടനങ്ങളുംകൊണ്ടു് അയോദ്ധ്യാനഗരം ദേവലോകംപോലെ ശോഭിച്ചു. വാലായ്മ കഴിഞ്ഞയുടൻ ദശരഥൻ തൻെറ കുമാരന്മാക്ക ജാതകർമ്മം മുതലായവ നടത്തിച്ചു. മൂത്തപുത്രനായ കൗസല്യാകുമാരനു് "രാമൻ" എന്നും, രണ്ടാമത്തെ പുത്രനായ കൈകേയീതനയനു് "ഭരതൻ" എന്നും, ഇളയപുത്രന്മാരായ സുമിത്രാനന്ദനന്മാക്കു് യഥാക്രമം "ലക്ഷ്മണൻ" "ശത്രുഘ്നൻ" എന്നും പേരുകളിട്ടു.

രാജകുമാരന്മാക്കു് അഞ്ചുവയസ്സുവീതം പ്രായമായപ്പോരം അവക്കു് കുലഗുരുവായ വസിഷ്ഠനെക്കൊണ്ടു് വിദ്യാഭ്യാസം തുടങ്ങിച്ചു. ആചാര്യശ്രേഷ്ഠനായ വസിഷ്ഠൻ വേദശാസ്ത്രങ്ങളും പുരാണം ഇതിഹാസം എന്നിവയും കുമാരന്മാരെ അഭ്യസിപ്പിച്ചു. ശ്രുതിസ്മൃതികളും ലളിതകലകളും അവർ വേഗം പഠിച്ചു. പന്ത്രണ്ടു വയസ്സുതികഞ്ഞപ്പോരം ധനുർവിദ്യയിൽ അദ്വിതീയമായ പാടവം കുമാരന്മാക്കുണ്ടായി. ധർമ്മശാസ്ത്രങ്ങളിൽ അവരെ ജയിക്കാൻ അക്കാലത്തു പണ്ഡിതന്മാരില്ലെന്നായി. അങ്ങനെ അവർ നാലുപേരും കോസലരാജ്യത്തിലെ മണിവിളക്കുപോലെ തെളിഞ്ഞുവന്നു.

## 2. യാഗരക്ഷ

ഇപ്രകാരമിരിക്കുമ്പോൾ ഒരുദിവസം 'വിശ്വാമിത്ര' മഹർഷി അവിടെ ആഗതനായി. ഈ വിവരമറിഞ്ഞു് ദശരഥൻ പത്നിമാരോടും പുത്രന്മാരോടുംകൂടി വന്നു് അദ്ദേഹത്തെ എതിരേററു കൊണ്ടുപോയി ആസനസ്ഥനാക്കി. അനന്തരം ഷോഡശോപചാരങ്ങളും മററും കൊണ്ടു് പൂജിച്ചു. മഹർഷി അത്യന്തം സന്തുഷ്ടനായി, രാജകുടുംബത്തെ ആശീർവദിച്ചു. അതിനുശേഷം ദശരഥൻ ഭക്തിബഹുമാനപുരസ്സരം യതീന്ദ്രനോടു ചോദിച്ചു.

ദശരഥൻ:—"മഹർഷേ! ദിവ്യനായ അവിടുത്തെ പാദധൂളിയേററു് ഈ നഗരം ധന്യമായി. വിശേഷിച്ചു് ആഗമനോദ്ദേശംകൂടെ അറിഞ്ഞാൽ ഞാൻ കൃതാർത്ഥനാകും."

വിശ്വാമിത്രൻ:—"സൂര്യവംശതിലകമേ! അങ്ങേയ്ക്കു് സർവ്വഭാവുകങ്ങളും സിദ്ധിക്കട്ടെ! ഞാൻ അമാവാസ്യതോറും നടത്തിവരാറുള്ള യാഗത്തെപ്പററി അറിവുണ്ടല്ലോ. കുറച്ചുകാലമായി മാരീചൻ സുബാഹു മുതലായ രാക്ഷസന്മാർ ഞങ്ങളെ വളരെ ഉപദ്രവിക്കുന്നു. യാഗാഗ്നിയിൽ മൃഗങ്ങളെക്കൊന്നു് രക്തം ഒഴിക്കുക, മാംസം വലിച്ചെറിയുക തുടങ്ങിയ സാഹസകൃത്യങ്ങളാൽ രണ്ടുമൂന്നു യാഗങ്ങൾ മുടങ്ങിപ്പോവുകയും ചെയ്തു. അതിനാൽ ആ ദുഷ്ടന്മാരെ നിഗ്രഹിച്ചു് ഞങ്ങളുടെ തപശ്ചര്യകൾ നിർവ്വിഘ്നം നടത്തേണ്ടിയിരിക്കുന്നു. അതിലേയ്ക്കു് അങ്ങയുടെ കുമാരന്മാരിൽ രാമനെയും ലക്ഷ്മണനെയും എൻെറകൂടെ അയച്ചാൽ അവർ ഞങ്ങൾക്കു വേണ്ട സാഹായ്യം ചെയ്യും."

മഹർഷിയുടെ വാക്കുകൾകേട്ട് ദശരഥൻ സ്തംഭിച്ചു നിന്നുപോയി. ചുവടുമുറിച്ച മരംപോലെ അദ്ദേഹം വിശ്വാമിത്രൻെറ കാൽക്കൽവീണു് ദയനീയമായി പറഞ്ഞു: –"ഭഗവാനെ! മഹർഷീശ്വരാ! ദിവ്യദൃഷ്ടിയുള്ള മഹാനുഭാവനല്ലയോ അങ്ങ്. ഒന്നുമറിയാൻ പാടില്ലാത്ത ഈ കൊച്ചുകുട്ടികളെ എങ്ങനെ ഞാൻ കാട്ടിലേയ്ക്കു വിടും? രാക്ഷസന്മാരോട് ഇവരെന്തുചെയ്യും? മദയാനകളെ താമരത്തണ്ടുകൊണ്ടു ബന്ധിക്കുന്നതും എട്ടുംപൊട്ടും അറിയാത്ത ഈ കുഞ്ഞുങ്ങൾ രാക്ഷസന്മാരോടെതിർക്കുന്നതും ഒന്നുപോലെയല്ലേ. പ്രഭോ! ഞാൻ എൻെറ ചതുരംഗസൈന്യങ്ങളോടുംകൂടെവന്നു് എല്ലാ രാക്ഷസന്മാരെയും നശിപ്പിച്ചു യാഗരക്ഷ ചെയ്യാമല്ലോ."

ദശരഥൻെറ ഈ ധർമ്മസങ്കടം കണ്ടിട്ടും പ്രകൃത്യാതന്നെ അഹങ്കാരിയും ഗർവിഷ്ഠനുമായ വിശ്വാമിത്രനു് കോപാവേശമുണ്ടായി. അദ്ദേഹം കോപകലുഷനായി വസിഷ്ഠനെയും മററു സഭാവാസികളെയും രൂക്ഷമായ നോക്കി. വിചാരിച്ച കാര്യം ഏതുവിധവും സാധിക്കാതെ പിൻമാറുന്ന ആളായിരുന്നില്ല വിശ്വാമിത്രൻ. ഈ രഹസ്യം അറിവുള്ളതുകൊണ്ടാണു് ദശരഥനു സഹിക്കവെയ്യാത്ത സങ്കടം ഉണ്ടായതും.

വിശ്വാമിത്രൻ കോപം അല്പം അടക്കിയിട്ട് ദശരഥനോടു വീണ്ടുംപറഞ്ഞു:—"ദശരഥാ! നിൻെറ കുമാരന്മാരെ നിന്നേക്കാൾ കൂടുതലായി എനിക്കറിയാം. അവരെക്കൊണ്ടുള്ള ഉപയോഗം ഈ രാജധാനിക്കുമാത്രം പോരാ. എല്ലാ പ്രജകൾക്കും വേണം. എൻെറ ആവശ്യത്തെ അനാദരിക്കുന്നതു് സൂര്യവംശജനായ നിൻെറ ധർമ്മമാണെങ്കിൽ അതങ്ങനെതന്നെ നടക്കട്ടെ."

ഇത്രയും പറഞ്ഞിട്ട് മഹർഷി പീഠത്തിൽനിന്നും എഴുന്നേററു് വസിഷ്ഠൻെറ നേരേ നോക്കി. വിശ്വാമി

ത്രൻെറ സ്വഭാവം നല്ലവണ്ണം അറിയാമായിരുന്ന വസിഷ്ഠൻ ഉടൻതന്നെ ദശരഥനോടു പറഞ്ഞു:—"ദശരഥാ! അദ്ദേഹത്തിൻെറ ആവശ്യാനുസരണം കുമാരന്മാരെ അയയ്ക്കുക. തന്നിമിത്തം അവൎക്കും നിനക്കും ശ്രേയസ്സുണ്ടാകും. രാമലക്ഷ്മണന്മാൎക്ക് ആയോധനപാടവത്തിലുള്ള കുറവു മഹർഷീശ്വരൻ പരിഹരിച്ചുകൊള്ളും."

ദശരഥൻ ഇതുകേട്ടു വിശ്വാമിത്രനെ വന്ദിച്ചുകൊണ്ടു പറഞ്ഞു:—സ്വാമിൻ! അവിടുത്തെ അഭീഷ്ടംപോലെ തന്നെ ഞാൻ സമ്മതിച്ചിരിക്കുന്നു. അവിവേകംകൊണ്ടുണ്ടായ തെററു സദയം പൊറുക്കണം."

അനന്തരം അദ്ദേഹം രാമലക്ഷ്മണന്മാരെ അരികെ വിളിച്ചു ചുംബിച്ചനുഗ്രഹിച്ചിട്ടു രണ്ടുപേരെയും വിശ്വാമിത്രനെ ഏല്പിച്ചു. വിശ്വാമിത്രൻ രാജകുമാരന്മാരെ സ്വീകരിച്ചുകഴിഞ്ഞു വിഷണ്ണനായി നിൽക്കുന്ന ദശരഥനെ നോക്കി, "ദശരഥാ! നിൻെറ ജന്മംകൊണ്ടു മനുവംശവും നീതിനിഷ്ഠയും പുനരുജ്ജീവിച്ചു. നിൻെറരാജ്യം സൎവ്വതോമുഖമായ അഭിവൃദ്ധിക്കു നിദാനമാകട്ടെ!"

എന്നിപ്രകാരം പലവിധത്തിലുള്ള അനുഗ്രഹവചസ്സുകൾകൊണ്ടു സന്തോഷചിത്തനാക്കിയിട്ടു അദ്ദേഹം രാമലക്ഷ്മണന്മാരുമായി മഹാരണ്യത്തിലേക്കു പുറപ്പെട്ടു. വഴിയിൽവച്ചു പല ദിവ്യമന്ത്രങ്ങളും ദിവ്യാസ്ത്രപ്രയോഗങ്ങളും വിശ്വാമിത്രൻ കുമാരന്മാരെ പഠിപ്പിച്ചു. ആയോധനവിദ്യയിൽ വിശ്വവിശ്രുതനായിരുന്ന ഈ യതിശ്രേഷ്ഠൻ തൻെറ സകല കഴിവുകളും യാഗരക്ഷകന്മാരായ രാമചന്ദ്രനും ലക്ഷ്മണനും ദാനം ചെയ്തു. അങ്ങനെ ഇവർ വനമദ്ധ്യത്തിൽക്കൂടെ നടക്കുമ്പോൾ രാക്ഷസന്മാരുടെ ചാരവൃത്തിനടത്തുന്ന "താടക" എന്ന ഒരു അസുരസ്ത്രീയെ വിശ്വാമിത്രൻെറ നിയോഗപ്രകാരം രാമചന്ദ്രൻ നിഗ്രഹിച്ചു.

26522

അനന്തരം മഹർഷിയും കുമാരന്മാരും യാഗഭൂമിയിൽ എത്തി. അവിടെ ആഗതരെയും പ്രതീക്ഷിച്ചിരുന്ന മഹാസന്ന്യാസികൾ രാമലക്ഷ്മണന്മാരെ പ്രത്യേകം പ്രത്യേകം അനുഗ്രഹിച്ച് പലതരത്തിലുള്ള സിദ്ധമന്ത്രങ്ങളും അവർക്ക് ഉപദേശിച്ചു.

അടുത്ത അമാവാസ്യദിവസം വിശ്വാമിത്രനും മററു മഹർഷിമാരുംകൂടി പതിവിൽ കവിഞ്ഞ ഉത്സാഹത്തോടെ യാഗമാരംഭിച്ചു. അന്നും രാക്ഷസന്മാർ അഹങ്കരിച്ചും അട്ടഹസിച്ചുംകൊണ്ടു വന്നു യാഗാഗ്നിയിൽ രക്തം ഒഴിക്കുകയും മാംസഖണ്ഡങ്ങൾ വർഷിക്കുകയും ചെയ്തുതുടങ്ങി. രാക്ഷസന്മാരിൽ പ്രധാനികളായ മാരീചനെയും സുബാഹുവിനെയും രാമലക്ഷ്മണന്മാർ തടഞ്ഞുനിറുത്തി യുദ്ധമാരംഭിച്ചു. അസുരന്മാർ വലിയ ജാലവിദ്യക്കാരായിരുന്നു എങ്കിലും അവരുടെ സകല തന്ത്രങ്ങളും രാമചന്ദ്രൻെറയും ലക്ഷ്മണൻെറയും അടുക്കൽ പരാജയപ്പെട്ടുപോയി. ഒടുവിൽ സുബാഹുവും അവൻെറ അനുചരന്മാരും രാമാസ്ത്രമേററു കാലഗതിയടഞ്ഞു. ഇതുകണ്ടു മരീചൻ ഓടിപ്പോയി സമുദ്രത്തിലുള്ള ഒരു പർവതഗഹ്വരത്തിലൊളിച്ചിരുന്നു. രാമചന്ദ്രൻെറ ഒരു ദിവ്യാസ്ത്രം അവനെ പിന്തുടർന്നു. അതു കണ്ട് മാരീചൻ അവിടുന്ന് ഓടിയോടി നിവൃത്തിയില്ലാതായപ്പോൾ വീണ്ടും രാമകുമാരൻെറ കാൽക്കൽ വന്നു വീണ് ക്ഷമ യാചിച്ചു. വിശ്വാമിത്രൻെറ അനുവാദപ്രകാരം രാമൻ ആ അഭയാർത്ഥിയെ അനുഗ്രഹിച്ചു. അന്നുമുതൽ മരീചൻ രാക്ഷസന്മാരുടെ കൂട്ടുവിട്ട് ഗോകർണ്ണത്തിൽ പോയി സന്ന്യാസിയായിട്ടു വസിച്ചു. വിശ്വാമിത്രൻ യാതൊരനർത്ഥവും കൂടാതെ യാഗോത്സവം മംഗളമായി പര്യവസാനിപ്പിച്ചു.

---

# 3. സീതാകല്യാണം

നെടുനാളായി മുടങ്ങിക്കിടന്നിരുന്ന യജ്ഞം നിരുപദ്രവം നടത്തുവാൻ കഴിഞ്ഞതിൽ വിശ്വാമിത്രൻ സന്തുഷ്ടനായി. അദ്ദേഹം രാമലക്ഷ്മണന്മാരോടൊന്നിച്ച് വീണ്ടും മഹാവനങ്ങളിൽ സഞ്ചരിച്ച് പ്രസിദ്ധപ്പെട്ട പുണ്യതീർത്ഥങ്ങളും ആശ്രമങ്ങളും സന്ദർശിച്ചുകൊണ്ടിരുന്നു. രാജകുമാരന്മാർക്ക് കൊട്ടാരത്തിലെ ആഡംബര ജീവിതത്തേക്കാൾ വനവാസം പരമാനന്ദമായി ഭവിച്ചു.

ഈയവസരത്തിൽ മിഥിലാപുരിയിൽ ജനകമഹാരാജാവിന്റെ കൊട്ടാരത്തിൽ അത്ഭുതകരമായ ഒരു വിവാഹം നടക്കുവാൻപോകുന്ന വിവരം വിശ്വാമിത്രൻ അറിഞ്ഞു. അതിൽ സംബന്ധിക്കുന്നതിനായി അദ്ദേഹം കുമാരന്മാരെയുംകൂട്ടി മിഥിലയിലേയ്ക്കു പുറപ്പെട്ടു. വഴിയിൽ പാറക്കെട്ടുകൾ നിറഞ്ഞ ഒരു അരുവിക്കരയിൽ അവർ വിശ്രമിക്കുകയായിരുന്നു. തൽക്ഷണം രാമചന്ദ്രന്റെ പാദസ്പർശം ഏററ് ഒരു ശില സുന്ദരിയായ ഒരു സ്ത്രീയുടെ രൂപം പ്രാപിച്ചു. ഈ സംഭവം കണ്ട് രാമനും ലക്ഷ്മണനും അത്ഭുതപ്പെട്ടെഴുന്നേററു. രാമചന്ദ്രൻ ജിജ്ഞാസയോടെ വിശ്വാമിത്രനെ നോക്കി ചോദിച്ചു.

രാമൻ:—"ഇത് വല്ല രാക്ഷസന്റേയും മായാവിദ്യയാണോ?"

വിശ്വാമിത്രൻ:—"രാമചന്ദ്രാ! നിനക്കു വിസ്മയം തോന്നുന്നതിൽ തെററില്ല. ഇതൊരു ശാപമോചനമാണ്. ഗൗതമമഹർഷിയുടെ പത്നിയായ അഹല്യാദേവിയെ ഒരിക്കൽ ദേവേന്ദ്രൻ വഞ്ചിച്ചു. ഈ വിവരമറിഞ്ഞ ഗൗതമൻ കോപിച്ച് "ചാരിത്ര്യഭംഗം നേരിട്ട തന്റെ ഭാര്യ കല്ലായിത്തീരട്ടെ" എന്നു

26522

ശപിച്ചു." ആ സാധ്വിയാണ് ഈ നില്ക്കുന്നതു്. നിന്റെ പാദധൂളിയേല്ക്കുന്നകാലത്തു് പൂവ്വരൂപം പ്രാപിക്കുവാനും ഇവൾക്ക് ഭത്തൃശാസനം കിട്ടിയിരുന്നു."

രാമനു് ഇതുകേട്ടു ഭക്തിയും സന്തോഷവും ഒരുമിച്ചുണ്ടായി. ലക്ഷ്മണന്റെയും ഭയസംഭ്രമങ്ങൾ അവസാനിച്ചു. ആ സഹോദരന്മാർ മഹതിയായ അഹല്യയുടെ കാൽക്കൽ വീണു നമസ്കരിച്ചു.

അനന്തരം അഹല്യ ഗൗതമാശ്രമത്തിലേയ്ക്കും രാമലക്ഷ്മണന്മാർ വിശ്വാമിത്രന്റെകൂടെ മിഥിലയിലേയ്ക്കും പോയി.

മിഥിലാരാജധാനിയിൽ വിവാഹമഹോത്സവത്തിന്റെ ആദ്യചടങ്ങുകൾ തകൃതിയായി നടക്കുകയാണു്. ജനകമഹാരാജാവിന്റെ ക്ഷണമനുസരിച്ചു് പല രാജാക്കന്മാരും രാജധാനിയിൽ എത്തിക്കഴിഞ്ഞു. ചക്രവത്തിയായ ദശരഥനെ കൂട്ടിക്കൊണ്ടുവരുന്നതിനു് രഥവുമായി ഒരു പ്രത്യേകദൂതൻ നിയുക്തനായി. ഈ സന്ദർഭത്തിലാണു് വിശ്വാമിത്രനും രാമലക്ഷ്മണന്മാരും അവിടെ എത്തിച്ചേന്നതു്. രാജർഷിയായ വിശ്വാമിത്രൻ രണ്ടു ബാലന്മാരുമായി വിജയംചെയ്ത വിവരം ജനകമഹാരാജാവിനെ ഇതിൽപരമില്ലാതെ ആനന്ദിപ്പിച്ചു. അദ്ദേഹം പരിവാരസമേതം വന്നു് അതിഥികളെ സ്വീകരിച്ചു് രാജസഭയിൽ ആസനസ്ഥരാക്കി സൽക്കരിച്ചതിനുശേഷം ആദരവോടെ വിശ്വാമിത്രനോടു ചോദിച്ചു.

ജനകൻ:"—രാജർഷേ! അവിടുത്തെ ആഗമനം എന്നെയും എന്റെ പ്രജകളെയും പരിശുദ്ധരാക്കി. ദിവ്യതേജസ്സുള്ള ഈ ബാലന്മാർ ആരെന്നറിയുവാൻ വലിയ ആഗ്രഹം ഉണ്ടു്."

വിശ്വാമിത്രൻ:—"ജനകാ! അങ്ങേയ്ക്കു മംഗളം ഭവിക്കട്ടെ! അയോദ്ധ്യാധിപനായ ദശരഥന്റെ പുത്രന്മാരാണിവർ. യാഗസംരക്ഷണാർത്ഥം ഞാനിവരെ മഹാരണ്യത്തിലേയ്ക്കു കൂട്ടിക്കൊണ്ടുവന്നു. സമർത്ഥന്മാരായ ഈ ബാലന്മാർ നിമിത്തം പല രാക്ഷസപ്രമാണികളും കാലപുരിയിലെത്തി. എന്റെയും മററും യാഗകർമ്മങ്ങൾ മംഗളമായി നടന്നു. അനന്തരം അയോദ്ധ്യയിലേയ്ക്കു തിരിച്ചു പോകാൻ തുടങ്ങിയപ്പോഴാണ് ഇവിടെ ത്ര്യംബകപരീക്ഷയിൽ ഒരു വിവാഹം നടക്കുന്നുണ്ടെന്നറിഞ്ഞതു്. അതിലേയ്ക്കായി ഇനി ദശരഥനെ പ്രത്യേകം ക്ഷണിക്കണമെന്നില്ല."

വിശ്വാമിത്രന്റെ വാക്കുകൾ ജനകമഹാരാജാവിനും മന്ത്രിമാർക്കും പുരോഹിതനായ ശതാനന്ദനും അമൃതപാനംതന്നെയായിരുന്നു. ജനകൻ ഉടൻതന്നെ രഥവുമായി അയോദ്ധ്യയിലേയ്ക്കു പുറപ്പെട്ട ദൂതനെ തിരിയെ വിളിപ്പിച്ചു. അനന്തരം അദ്ദേഹം വിശ്വാമിത്രനെയും രാമലക്ഷ്മണന്മാരെയും കൂട്ടിക്കൊണ്ടുപോയി വിവാഹത്തിൽ പങ്കുകൊള്ളാൻ വരുന്ന ദശരഥമഹാരാജാവിനുവേണ്ടി പ്രത്യേകം പണികഴിപ്പിച്ചിരുന്ന കൊട്ടാരത്തിൽ താമസിപ്പിച്ചു.

ജനകമഹാരാജാവിന്റെ പ്രഥമപുത്രിയായ സീതാദേവി സൌന്ദര്യത്തിലും സൌശീല്യത്തിലും അദ്വിതീയയായിരുന്നു. ജനകന്റെ മകളാകയാൽ "ജാനകി" എന്നൊരു പേരുകൂടെ സീതാദേവിക്കുണ്ടായിരുന്നു. ഈ ബാലികയെ അസാധാരണസാമർത്ഥ്യമുള്ള ഒരു രാജകുമാരനെക്കൊണ്ടു പരിണയിപ്പിക്കണമെന്നത്രേ ജനകൻ തീരുമാനിച്ചിരുന്നതു്. അതിനുവേണ്ടി കൈലാസപുരിയിലെ ശിവയോഗിയുടെ ഉപദേശപ്രകാരം ഒരു മഹാ

ചാപം ഉണ്ടാക്കിച്ചു. ഈ വില്ലിന് ത്രൈയ്യംബകം അല്ലെങ്കിൽ ശൈവചാപം എന്നത്രേ പറയുന്നതു്. ഇതിനെ ഒടിക്കുകയോ വളയ്ക്കുകയോ ചെയ്യുന്ന രാജകുമാരൻ അതിസമത്ഥനും സീതാദേവിയുടെ ഭത്തൃപദമലങ്കരിക്കാൻ യോഗ്യനും ആയിരിക്കുമെന്നു ജനകരാജസഭ ഏകകണ്ഠത്തിൽ അഭിപ്രായപ്പെടുകയുംചെയ്തു.

ത്രൈയ്യംബകപരീക്ഷയ്ക്കുള്ള ദിവസമായി. പരീക്ഷാമണ്ഡപത്തിൽ രാജാക്കന്മാർ അവരവക്കു നിർദ്ദിഷ്ടമായ സ്ഥാനങ്ങളിൽ ആസനസ്ഥരായിട്ടുണ്ടു്. രാമലക്ഷ്മണന്മാരും വിശ്വാമിത്രനും അടുത്തടുത്താണിരിക്കുന്നതു്. ഒരുവശത്തു് അന്തഃപുരത്തിലെ ദാസിമാരോടൊപ്പം ജാനകി, ശ്രുതകീത്തി, ഊർമ്മിള, മാണ്ഡവി എന്നീ രാജകുമാരികളും മഹാരാജ്ഞിയും വിജയിച്ചരുളുന്നു. സദസ്സിനഭിമുഖമായി പണിയിച്ചിട്ടുള്ള മണിമണ്ഡപത്തിൽ ജനകമഹാരാജാവും ഗുരു ശതാനന്ദനും ആഗതരായി മഹാസദസ്സിനെ അഭിവാദ്യംചെയ്തു. ഈ മണ്ഡപത്തിനു മുമ്പിൽ ഒരു വലിയ ഇരുമ്പുപെട്ടിയിലാണു് ത്രൈയ്യംബകം ഇരിക്കുന്നതു്.

ശതാനന്ദൻ സദസ്യരെ നോക്കി "പരീക്ഷയാരംഭിക്കാം" എന്ന രാജകല്പന അറിയിച്ചു. ഉടനെ രാജാക്കന്മാർ മുറപ്രകാരം ഓരോരുത്തരായി വന്നു് പരീക്ഷ തുടങ്ങി. ചിലർ ആ ചാപം അനക്കുവാൻപോലും കഴിവില്ലാതെ പിൻവാങ്ങി. മറ്റുചിലർ വില്ലെടുത്തു കുലയ്ക്കുവാൻ തുടങ്ങിയപ്പോൾ വില്ലോടുകൂടെ നിലംപതിച്ചു പരാജയമടഞ്ഞു. ഒടുവിൽ ലങ്കാധിപനും അമിതപരാക്രമിയെന്നു പേരു സമ്പാദിക്കുകയാൽ അതിരുവിട്ടു് അഹങ്കരിക്കുന്നവനുമായ രാവണനൻ ത്രൈയ്യംബകത്തെ സമീപിച്ചു. അദ്ദേഹം ശൈവചാപമെടുത്തു പൊക്കുകയും ആ ഭീമാകാരമായ ആയുധം രാവണനെ അടിയിലാക്കിക്കൊണ്ടു്

നിലംപതിക്കുകയുംചെയ്തു. വില്ലിന്റെ അടിയിൽക്കിടന്നു് ആ ത്രൈലോക്യവിക്രമൻ കാട്ടിക്കൂട്ടുന്ന മരണസംഭ്രമം കണ്ടു് സദസ്സിലുള്ള രാജാക്കന്മാർ ആർത്തുവിളിച്ചു. രാവണന്റെ ഈ ദുരവസ്ഥയിൽ സഹതാപമുള്ള ഒരു ഒററ വ്യക്തിയെങ്കിലും ആ സദസ്സിൽ ഉണ്ടായിരുന്നെങ്കിൽ അതു രാമചന്ദ്രൻമാത്രമായിരുന്നു. ആ വീരകുമാരൻ ഓടിച്ചെന്നു വില്ലെടുത്തുമാററി രാവണനെ രക്ഷിച്ചു. അവമാനം സഹിക്കവയ്യാതായ ലങ്കേശ്വരൻ തന്നെ കളിയാക്കിയ രാജാക്കന്മാരെ ഒന്നടങ്കം ഒരുനോക്കു നോക്കി മീശ പിരിച്ചുകൊണ്ടു് അപ്പോൾതന്നെ മിഥിലയിൽനിന്നും യാത്രതിരിച്ചു. കേവലം പത്തുപന്ത്രണ്ടു വയസ്സുള്ള രാമൻ നിസ്സാരമായി ത്രൈയ്യംബകം എടുത്തുമാററിയപ്പോൾ പരാജിതരായിരിക്കുന്ന രാജാക്കന്മാർ പരസ്പരം നോക്കി മൂക്കിന്മേൽ വിരൽവച്ചുപോയി.

ശൈവചാപം നിലത്തൂന്നിനിൽക്കുന്ന രാമചന്ദ്രൻ വിശ്വാമിത്രന്റെനേരെ നോക്കി, കടക്കണ്ണുകൊണ്ടു് എന്തോ യാചിച്ചു. ശിഷ്യന്റെ ഇംഗിതം മനസ്സിലാക്കിയ രാജർഷി ഒന്നു മന്ദഹസിക്കുകമാത്രം ചെയ്തു. അതിന്റെ അർത്ഥം ഗ്രഹിച്ച രാമചന്ദ്രൻ ഉത്തരക്ഷണത്തിൽ ചാപം കുലച്ചു ഞാണേററിക്കഴിഞ്ഞു. എന്തൊരതിശയം! ആ വലിയ വില്ലു് ഭയങ്കരമായ ശബ്ദത്തോടുകൂടി രണ്ടായി ഒടിഞ്ഞുനിലംപതിച്ചു. സഭാവാസികൾ ഇതുകണ്ടു സ്തംഭിച്ചിരുന്നുപോയി. ജനകനും ശതാനന്ദനും രാമകുമാരനെ അരികത്തണച്ചു തലോടി.

മിഥിലാപുരിയിൽ നടന്ന ത്രൈയ്യംബകപരീക്ഷയിൽ തന്റെ ഔരസപുത്രൻ വിജയംനേടിയ വിവരം ജനകമഹാരാജാവിന്റെ ദൂതൻവഴി ദശരഥനറിഞ്ഞു. അദ്ദേഹം പത്നിമാരോടും ഭരതശത്രുഘ്നന്മാരോടും മററു പരിവാരങ്ങളോടുംകൂടി വളരെവേഗം മിഥിലാരാജ

ധാനിയിലെത്തി. ദശരഥ ചക്രവൎത്തിയുടെ ആതിഥേയനാകാൻ ഭാഗ്യം സിദ്ധിച്ചതിൽ ജനകൻ ആനന്ദപരവശനായി. അദ്ദേഹം അടുത്ത ശുഭമുഹൂൎത്തത്തിൽതന്നെ തന്റെ പുത്രിമാരിൽ സീതാദേവിയെ രാമചന്ദ്രനും, ശ്രുതകീൎത്തിയെ ഭരതനും, ഊർമ്മിളയെ ലക്ഷ്മണനും, മാണ്ഡവിയെ ശത്രുഘ്നനും വിവാഹംചെയ്തുകൊടുത്തു.

തദനന്തരമുള്ള മഹോത്സവങ്ങൾ കഴിഞ്ഞു് ദശരഥനെയും പരിവാരങ്ങളെയും ചക്രവൎത്തിയ്ക്കു യോജിച്ച ആഡംബരങ്ങളോടെ ജനകൻ സ്വരാജ്യത്തേയ്ക്കു യാത്രയയച്ചു. മാൎഗ്ഗമദ്ധ്യേ എതിരിട്ട പരശുരാമൻ എന്ന ക്ഷത്രിയവിരോധിയെ രാമചന്ദ്രൻ തോല്പിച്ചു് ഓടിച്ചു. പിന്നീടു് എല്ലാവരും സസുഖം അയോദ്ധ്യയിലെത്തി പുരപ്രവേശനംകഴിഞ്ഞു് ഉല്ലാസമായി വസിച്ചു.

## 4. പട്ടാഭിഷേകവിഘ്നം

ദശരഥകുമാരന്മാർ നാലുപേരും യൗവ്വനയുക്തന്മാരായി. തൻെറ രാജ്യം ജ്യേഷ്ഠപുത്രനായ രാമചന്ദ്രനിൽ സമർപ്പിച്ച് ആയുശ്ശേഷം സന്ന്യാസിയായികഴിക്കണമെന്ന് ദശരഥൻ തീരുമാനിച്ചു. ഈ വിവരം അദ്ദേഹം മന്ത്രിപ്രധാനിയായ സുമന്ത്രരേയും ഗുരുവായ വസിഷ്ഠനേയും അറിയിച്ചു. വൃദ്ധനായ മഹാരാജാവിൻെറ ഹിതമനുസരിച്ചു രാമപട്ടാഭിഷേകത്തിനു വേണ്ടുന്നതെല്ലാം സജ്ജീകരിക്കുവാൻ ഓരോ വകുപ്പിലേയും ഉദ്യോഗസ്ഥന്മാൎക്ക് മുഖ്യമന്ത്രി ഉത്തരവുകൊടുത്തു. ഈ വിശേഷവാൎത്തയറിഞ്ഞ രാജ്യവാസികൾ സന്തോഷസമുദ്രത്തിൽ ആറാടിത്തുടങ്ങി. ഈയവസരത്തിൽ ഭരതശത്രുഘ്നന്മാർ മാതുലനായ യുധാജിത്തിനെ കാണ്മാനായി കേകയരാജ്യത്തിൽ പോയിരിക്കുകയായിരുന്നു. അവരെ ഉടനെ കൂട്ടിക്കൊണ്ടുവരുന്നതിനു് ഒരു പ്രത്യേകദൂതനെ നിയോഗിച്ചു.

രാമകുമാരൻ മഹാരാജാവാകാൻ , പോകുന്നതിൽ സന്തോഷിക്കാത്ത ഒരേയൊരു സ്ത്രീമാത്രം അയോദ്ധ്യയിലുണ്ടായിരുന്നു. അവൾ കൈകേയിരാജ്ഞിയുടെ ധാത്രിയും വിശ്വസ്തസഖിയുമായ മന്ഥരയായിരുന്നു. അടുത്ത മുഹൂൎത്തത്തിൽ നടക്കുവാൻപോകുന്ന രാമപട്ടാഭിഷേകത്തെ പ്രകീൎത്തിച്ച് ഉത്സാഹവതിയായിരിക്കുന്ന കൈകേയിയോട്ട് മന്ഥര പരിഹാസത്തോടെ പറഞ്ഞു.

മന്ഥര:—"കൈകേയീ! നീ എന്തോൎത്താണു് ഇങ്ങനെ ആഹ്ലാദിക്കുന്നതു്? ഭയങ്കരമായ ഒരാപത്തു നിന്നെ വലയംചെയ്തുകഴിഞ്ഞു. അതൊന്നും ചിന്തിക്കാതെ ഇപ്രകാരമെല്ലാം തുള്ളിച്ചാടുന്നതു് വെറും ചിത്തഭ്രമത്തിൻെറ ലക്ഷണംതന്നെ."

കൈകേയി:—(ഉറക്കെച്ചിരിച്ചിട്ട്) "ഹൌ, ശ്രുങ്ഖഗതിക്കാരി! ചിത്തഭ്രമം നിനക്കോ എനിക്കോ? എടീ! കോസലരാജ്യത്തിലെ വിശേഷത്തെപ്പററി നീ എന്തറിഞ്ഞു? ഏതാനും ദിവസങ്ങൾക്കുള്ളിൽ രാമകുമാരൻ മഹാരാജാവായി മകുടംചൂടുകയല്ലേ? ഇതറിഞ്ഞു് എൻെറ മനസ്സ് പിടിച്ചിട്ട നില്ക്കാതെ പിടച്ചുതുള്ളുകയാണു്. ഇതിനാണോ എന്നെ ചിത്തഭ്രമക്കാരിയെന്നു നീ നിന്ദിച്ചതു്?"

മന്ഥര:—"കഷ്ടം! കഷ്ടം! നീ ഇത്ര പാവമായിപ്പോയല്ലോ. ഞാൻ സഹതാപംകൊണ്ടു് ഇത്രയും പറഞ്ഞുപോകുന്നതാണു്. മഹാരാജാവും കൌസല്യയുംകൂടെ ഭരതൻ ഇല്ലാത്ത തരത്തിനു് നിന്നെ വഞ്ചിക്കുകയല്ലേ ചെയ്യുന്നതു്? രാമനേക്കാൾ ഒരുദിവസത്തെ ഇളപ്പമല്ലേ ഭരതനുള്ളു. ഈ നിലയ്ക്കു് എന്തുകൊണ്ടു ഭരതനുതന്നെ ആദ്യം മകുടാഭിഷേകം ചെയ്തുകൂടാ?"

കൈകേയി:—"മന്ഥരേ! നീയൊരു പൊട്ടിയാണു്; തീർച്ച. നിനക്കു് ഏതോ ഭൂതാവേശം സംഭവിച്ചിട്ടുണ്ടു്. കാര്യമില്ലാതെ പുലമ്പുന്ന ഈ അസംബന്ധങ്ങൾ മററാരും കേൾക്കരുതു്. രാമകുമാരനു പട്ടംകൊടുക്കുന്നതു ഞാൻ തടയണമെന്നോ? ശിക്ഷയായി!"

മന്ഥര:—(വ്യസനപൂർവ്വം) "ദൈവമേ! ഭരതൻ ഇത്ര ഭാഗ്യഹീനനോ? ആ കുഞ്ഞിനെ ചില കുബുദ്ധികൾ കുടുക്കിലാക്കുന്നതു പെററമാതാവു നോക്കിനിന്നു രസിക്കുന്നു. കൈകേയീ! രാമചന്ദ്രൻ മഹാരാജാവായാൽ കൌസല്യ രാജമാതാവിൻെറപദവിയിലെത്തും. പിന്നെ നീയും ഭരതനും അവൾക്കടിമകൾതന്നെ. കഷ്ടകാലംകൊണ്ടു നിനക്കു തോന്നുന്ന ഈ ബുദ്ധി രാജ്ഞിമാൎക്കു യോജിച്ചതല്ല."

മന്ഥരയുടെ വാക്കുകൾ കൈകേയിയെ വല്ലാതെ വിഷമിപ്പിച്ചു; ആ സാധുശീലയുടെ ഹൃദയം ശക്തിയായി തുടിച്ചുതുടങ്ങി. അവർ എഴുന്നേററു് മുറിയിൽ ഉലാത്തിക്കൊണ്ടു് മന്ഥരയെ നോക്കി പറഞ്ഞു: "മന്ഥരേ! നീയെന്നെ അലട്ടാതിരിക്കൂ. രാമചന്ദ്രൻ അവൻെറ അമ്മയെ സ്നേഹിക്കുന്നതുപോലെ എന്നെയും സ്നേഹിക്കുന്നുണ്ടു്. സകല ഗുണങ്ങൾക്കും നികേതനമായ രാമൻ ഒരുകാലത്തും എന്നെ അനാദരിക്കുകയില്ല."

മന്ഥര:—(ഹാസ്യമായി ചിരിച്ചുകൊണ്ടു്) "അബദ്ധം! അബദ്ധം! രാമകുമാരൻ നിന്നെ അനാദരിക്കുകയില്ലപോലും. ഇതുപോലെ എത്രയെത്ര മഹാരാജാക്കന്മാരെ ഞാൻ കണ്ടിരിക്കുന്നു. ആദ്യത്തെ സ്നേഹവും ബഹുമാനവും രാമനെന്നല്ല ആർക്കായാലും അധികാരത്തിലെത്തുന്നതുവരെമാത്രമേ നിലനിൽക്കൂ."

കൈകേയി:—"അങ്ങനെ സംഭവിച്ചെന്നുവരാം. എന്നാൽ രാമനെ സംബന്ധിച്ചിടത്തോളം ഈ ആരോപണങ്ങൾക്കു പ്രസക്തിയില്ല."

മന്ഥര:—(ഉദ്വേഗത്തോടുകൂടി) "നിൽക്കൂ; ഞാൻ ചോദിക്കട്ടെ. ഈ മകുടാഭിഷേകത്തെപ്പററി മഹാരാജാവു് നിന്നോടെന്തെങ്കിലും ആലോചിച്ചോ?"

കൈകേയി:—"ഇല്ല."

മന്ഥര:—"എന്തുകൊണ്ടു്? രാജ്യകാര്യങ്ങളിൽ രാജ്ഞിമാരുടെ ഹിതാഹിതങ്ങൾ എല്ലായ്പോഴും ആരായുന്ന ദശരഥമഹാരാജാവു് എന്തുകൊണ്ടു് ഈ പ്രധാനസംഗതി നീയുമായി ആലോചിച്ചില്ല? അമ്പെ! കൗശലം നോക്കണം! പാവപ്പെട്ട ഭരതശത്രുഘ്നന്മാർ രാജധാനിയിലില്ലാത്ത തക്കംനോക്കി ചെയ്ത വൻചതി."

ധാത്രിയുടെ പ്രയോഗം കേകയരാജ്ഞിയിൽ നല്ല വണ്ണം ഫലിച്ചുതുടങ്ങി. അവർ പരാധീനയെപ്പോലെ ചപ്രമഞ്ചത്തിൽ ഇരുന്നിട്ട് മന്ഥരയോടു പറഞ്ഞു:— "ഞാനെന്തു ചെയ്യണമെന്നാണ് നീ പറയുന്നതു്? മഹാരാജാവിൻെറ കല്പനയെ നിഷേധിച്ചാൽ ഞാൻ ഈ രാജ്യവാസികളുടെ മുമ്പിൽ ആരുതന്നെ ആയിരിക്കയില്ല!"

മന്ഥര:—"ഓ! രാജ്യവാസികൾ! അവക്കെന്തറിയാം. നീ ഞാൻ പറയുന്നതു ശ്രദ്ധിച്ചു കേൾക്കുക. അന്നു് ദേവാസുരയുദ്ധം കഴിഞ്ഞു വന്നപ്പോൾ മഹാരാജാവു രണ്ടുവരം നിനക്കു തരാമെന്നു പറഞ്ഞിരുന്നില്ലേ? അതു് ആവശ്യപ്പെടേണ്ട സന്ദർഭം ഇതുതന്നെയാണു്."

കൈകേയി:—"ആ വരങ്ങൾകൊണ്ടു് ഇവിടെഎന്താണു് ഉപയോഗം?"

മന്ഥര:—"ഒന്നു്; ഭരതകുമാരനു പട്ടാഭിഷേകം നടത്തിക്കുവാൻ; മററൊന്നു്, രാമൻ പതിന്നാലുവർഷം വനവാസം അനുഭവിക്കുവാൻ."

കൈകേയി ഇതുകേട്ടു ചെവി പൊത്തിക്കൊണ്ടു പറഞ്ഞു:—"നിറുത്തു മന്ഥരെ, നിറുത്തു നിൻെറ ഉപദേശം! ഭരതനു പട്ടാഭിഷേകം പോരാ, പ്രിയപ്പെട്ട രാമചന്ദ്രൻ കാട്ടിൽ പോയി കഷ്ടപ്പെടുകയും വേണമെന്നോ?"

മന്ഥര:—(ഉത്സാഹവായ്പോടെ) "ഹ! ഹ! ഹ! നിനക്കിത്ര മറവിയോ കൈകേയീ! ആ വരങ്ങൾ രണ്ടും ഒരുമിച്ചല്ലാതെ ഒററയൊററയായി ആവശ്യപ്പെടരുതെന്നു് അദ്ദേഹം നിന്നോടു പറഞ്ഞിട്ടില്ലേ?"

കൈകേയി:—"ഉണ്ടു്."

മന്ഥര:—"ആദ്യത്തെ വരം ഏതെങ്കിലും ജീവിതാഭിലാഷത്തെ അടിസ്ഥാനമാക്കിയും, രണ്ടാമത്തെ വരം

ആ അഭിലാഷത്തിനു വിഘ്നമായി നില്ക്കുന്ന കാരണത്തിൻെറ അഭാവത്തിനുവേണ്ടിയും മാത്രമേ ആവശ്യപ്പെടാവു എന്നും മഹാരാജാവ് അരുളിച്ചെയ്തിട്ടില്ലേ?"

കൈകേയി:—"അതേ! ഓക്കുന്നുണ്ടു്."

മന്ഥര:—(വിജയത്തിൽ) "ഇവിടെ ആദ്യത്തെ വരം ഭരതനു രാജ്യാവകാശമല്ലേ? അതിനു വിഘ്നമായി നില്ക്കുന്ന രാമൻ കാരണവുമാകുന്നു. അതിനാൽ വനവാസമല്ലാതെ രാമനു ഗത്യന്തരമില്ല."

കൈകേയി:—"അതെ! മന്ഥരെ! നീ പറഞ്ഞതു മുഴുവൻ പരമാൎത്ഥമാണു്. മഹാരാജാവു് എന്നെ വഞ്ചിച്ചു. ഞാൻ യുധാജിത്തിൻെറ സഹോദരിയാണെങ്കിൽ കോസലരാജ്യത്തിലെ അടുത്ത ചക്രവൎത്തി ഭരതനായിരിക്കും.

മന്ഥര:—"ഭേഷ്! ഇതാണു് ഒരുരാജ്ഞിയുടെ പ്രതിജ്ഞ. ഇനി നീ വേണ്ടതുപോലെ ആലോചിച്ചു പെരുമാറുക. മഹാരാജാവു് ഇപ്പോഴം ഇങ്ങോട്ടു വരും. ഞാൻ അപ്പുറത്തേയ്ക്കു പൊയ്ക്കൊള്ളാം."

ഇത്രയും പറഞ്ഞിട്ടു് ആ കുതന്ത്ര ഒരു മഹായുദ്ധത്തിൽ ജയിച്ച ഭടൻെറ സന്നദ്ധതയോടെ നിന്നുനിവൎന്നു തിരോധാനംചെയ്തു. കൈകേയിയാകട്ടെ, മുടിയഴിച്ചിട്ടു് ദുഃഖപീഡിതയെപ്പോലെ കിടന്നു കള്ളക്കണ്ണുനീർ വാൎത്തു.

ഈ സന്ദൎഭത്തിൽ ദശരഥൻ അവിടെ വന്നുചേൎന്നു. തൻെറ പ്രത്യേകവാത്സല്യത്തിനു പാത്രമായിരുന്ന കൈകേയിയുടെ കിടപ്പുകണ്ടു് അദ്ദേഹം വിഷണ്ണനായി. ഉത്തരക്ഷണത്തിൽ കൈകേയി കമിഴ്ന്നുകിടന്നു ശബ്ദമില്ലാതെ വിങ്ങിവിങ്ങി കരഞ്ഞുതുടങ്ങി. ദശരഥൻ പട്ടമഹിഷിയുടെ അരികിലിരുന്നു തീവ്രമായ ഈ ദുഃഖത്തിനു് ഹേതുവെന്തെന്നു് അന്വേഷിച്ചു. മന്ഥരയുടെ ഉപദേശം അനു

26522

സരിച്ചു പ്രവൎത്തിക്കേണ്ട സമയം ഇതുതന്നെയെന്നു നിശ്ചയിച്ചു് കൈകേയി, ഭരതനു മകുടാഭിഷേകം ചെയ്യണമെന്നും രാമചന്ദ്രനെ പതിന്നാലുകൊല്ലം വനവാസത്തിന്ന് അയയ്ക്കണമെന്നും ഉള്ള രണ്ടു വരങ്ങളും ദശരഥനോട്ട് ആവശ്യപ്പെട്ടു.

കേകയരാജ്ഞിയുടെ ആഗ്രഹമറിഞ്ഞ ഉടൻ സത്യസന്ധനായ കോസലേശ്വരൻ ഇടിവെട്ടേററപോലെ പ്രജ്ഞയററു നിലംപതിച്ചു.

മഹാരാജാവിന്നു മോഹാലസ്യമുണ്ടായതായി അറിഞ്ഞു് അന്തഃപുരങ്ങളിൽ തിക്കും തിരക്കും ബഹളമായി. രാമലക്ഷ്മണന്മാരും മന്ത്രിമാരും മററും കൈകേയീമന്ദിരത്തിൽ ഓടിയെത്തി. ദശരഥൻെറ ദയനീയാവസ്ഥയിൽ എല്ലാവരും എന്തുചെയ്യേണ്ടു എന്നറിയാതെ പരിഭ്രാന്തരായി. ഇതെല്ലാം കണ്ടു് കൈകേയി എഴന്നേററു് യാതൊരു ചഞ്ചലവും കൂടാതെ രാമചന്ദ്രനെ നോക്കി പറഞ്ഞു.

കൈകേയി:—"വത്സാ! രാമചന്ദ്രാ! മഹാരാജാവിന്നു യാതൊരു സുഖക്കേടുമില്ല. അദ്ദേഹത്തിന്നു നിന്നെക്കൊണ്ടൊരു കാര്യം സാധിക്കാനുണ്ടു്. അതു നിന്നെ അറിയിക്കുവാനുള്ള വിഷമം നിമിത്തം അദ്ദേഹം പെട്ടെന്നു മൂർഛിച്ചുപോയതാണു്."

രാമൻ:—(ഉൽക്കണ്ഠയോടെ) "അമ്മേ! എന്താണു് അച്ഛൻെറ ആഗ്രഹം? അതു് ഉടനെ നിറവേററുവാൻ ഇതാ ഈ മകൻ തയാറായി ഇരിക്കുന്നു."

കൈകേയി:—കുമാരാ! ഞാൻ നിൻെറ അച്ഛനുചെയ്ത ഉപകാരത്തിന്നു പ്രത്യുപകാരമായി അദ്ദേഹം എനിക്കു രണ്ടു വരം നൽകാമെന്നു പറഞ്ഞിരുന്നു. ഇന്നു് ആ വരങ്ങൾ ഞാനാവശ്യപ്പെട്ടു. അതെന്തെന്നാൽ, ഒന്നു്, ഭരതനു രാജ്യാവകാശം കൊടുക്കണമെന്നും, മറെറാന്നു്, നിന്നെ പതിന്നാലുവൎഷം വന

വാസത്തിന്നു അയയ്ക്കണമെന്നുമാണു്. സത്യവ്രത നായ നിന്റെ അച്ഛനെ രക്ഷിക്കേണ്ട ചുമതല ഇനി നിനക്കുമാത്രമാകുന്നു."

രാമചന്ദ്രൻ ഇതുകേട്ടു് തളൎന്നുപോയി. എങ്കിലും ധൈൎയ്യമവലംബിച്ചുകൊണ്ടു് കൈകേയിമാതാവിനെ നോക്കി തൊഴുതുകൊണ്ടറിയിച്ചു: "അമ്മേ! ഈ കുമാരൻ ഭാഗ്യവാനാണു്. അവിടുത്തെ അനുഗ്രഹം എന്നെ അറിയിച്ചാൽ മതിയായിരുന്നല്ലോ. എങ്കിൽ അച്ഛനു് ഈ അത്യാഹിതം സംഭവിക്കുകയില്ലായിരുന്നു. ഏതായാലും വന്നതു വന്നു. ഇനി മറെറാന്നും ചിന്തിച്ചിട്ടു ഫലമില്ല. ഞാനിതാ വനവാസത്തിനുപോകാൻ തയ്യാറായിരിക്കുന്നു. അച്ഛന്റെ സത്യധൎമ്മങ്ങളെ പരിപാലിക്കേണ്ടതു് പുത്രധൎമ്മമാണു്. ഭരതനു മകുടാഭിഷേകംചെയ്യുവാൻ ഞാൻ പറഞ്ഞതായി അമ്മതന്നെ അച്ഛനെ അറിയിക്കുക. ഭരതൻ ഒരു ചക്രവൎത്തിയായിരിക്കുന്നതിന്നു് എല്ലാ പ്രകാരത്തിലും യോഗ്യനാണു്."

അനന്തരം അദ്ദേഹം പിതൃപാദങ്ങളെത്തൊട്ടു വന്ദിച്ചിട്ടു് തന്റെ അരമനയിലേയ്ക്കു പോയി.

# 5. ദശരഥൻെറ ചരമം

രാമൻ അരമനയിൽചെന്നു് രാജോചിതമായ തൻെറ ആഭരണങ്ങളും മററും അഴിച്ചുമാററി, വനവാസ യോഗ്യമായ വസ്ത്രങ്ങളും ആയുധങ്ങളും ധരിച്ചു് വളരെ വേഗം പുറത്തിറങ്ങി. ഹാ! അപ്പോഴത്തെക്കാഴ്ച ആ ധീര ചിത്തനെ വല്ലാതെ വ്യാകുലപ്പെടുത്തി. താമസിയാതെ തന്നെ രാമൻ അയോദ്ധ്യാനഗരം ഉപേക്ഷിക്കുമെന്നു മന സ്സിലാക്കിയ കൗസല്യയും ജാനകിയും ലക്ഷ്മണനും ഒത്തൊരുമിച്ചു് അരമനവാതിൽക്കൽ എത്തിക്കഴിഞ്ഞു. യാത്രോദ്യുക്തനായ രാമനെക്കണ്ടു് ആ മൂന്നു ഹൃദയങ്ങളും ഒരുപോലെ മഥിക്കപ്പെട്ടു. ഇതുകണ്ടു് ഗദ്ഗദകണ്ഠനായ രാമചന്ദ്രൻ ഇപ്രകാരം പറഞ്ഞു.

രാമൻ:—"അമ്മേ! ജാനകി! പ്രിയലക്ഷ്മണാ! നിങ്ങൾ ആരുംതന്നെ കുണ്ഠിതപ്പെടരുതു്. സന്തോഷ ത്തോടെ എനിക്കു യാത്രപറഞ്ഞിട്ടു് അച്ഛനെ ശുശ്രൂഷിക്കുക."

ലക്ഷ്മണൻ:—ജ്യേഷ്ഠാ! ഇതെന്തൊരക്രമമാണു്? മഹാരാ ജാവാകേണ്ട അങ്ങു് വനവാസമനുഷ്ഠിക്കുവാൻ ആരാണു് ഉത്തരവിട്ടതു്? കൈകേയിമാതാവിൻെറ ചാപല്യത്തെ നാം വകവച്ചുകൊടുത്താൽ അതിൽ പരം രാജ്യദ്രോഹം എന്താണുള്ളതു്?"

രാമൻ:—(ലക്ഷ്മണനെ തലോടിക്കൊണ്ടു്) "അനുജാ! നീ ഇത്ര അറിവില്ലാത്തവനോ? കൈകേയിഅമ്മയും പെററമാതാവും തമ്മിൽ നമുക്കെന്താണു വ്യത്യാ സം? തീച്ചയായും നീ അവരെ കുററപ്പെടുത്തരുതു്. ആ മാതാവിൻെറ ന്യായമായ ആഗ്രഹത്തെ നാം സാധിച്ചുകൊടുത്തേതീരൂ."

ലക്ഷ്മണൻ:"—അതേ. അതിനു ജ്യേഷ്ഠൻ കാട്ടിൽപോയി കഷ്ടപ്പെടണമെന്നുണ്ടോ? (അമ്മയെ നോക്കി) അമ്മേ! ഇതൊരു വൻചതിയാണ്. ജ്യേഷ്ഠനെ കാട്ടിലയയ്ക്കാൻ ഞാൻ സമ്മതിക്കയില്ല."

കൗസല്യ:—"രാമാ! ലക്ഷ്മണൻെറ അഭിപ്രായത്തിൽ തെററുണ്ടെന്നു തോന്നുന്നില്ല."

രാമൻ:—"അമ്മേ! സഹോദരസ്നേഹം ലക്ഷ്മണനെ അന്ധനാക്കിക്കളഞ്ഞു. അച്ഛൻ കൈകേയി അമ്മയ്ക്കു വരദാനം ചെയ്തുപോയി. അതു് പിൻവലിക്കുക കോസലാധിപൻെറ നിലയ്ക്കു യോജിച്ചതല്ല. അതിനാൽ ഞാൻ അച്ഛൻെറ ധർമ്മസംരക്ഷണത്തിനായി വനയാത്ര ചെയ്യേണമതിയാകു. ദയവായി എന്നെ അനുഗ്രഹിക്കുക."

ലക്ഷ്മണൻ:—"ജ്യേഷ്ഠനു് അത്ര നിർബന്ധമാണെങ്കിൽ ഞാൻ മുമ്പേ നടക്കാം. രണ്ടാമതുമതി അവിടുത്തെ പുറപ്പാടു്."

രാമൻ:—"ലക്ഷ്മണാ! നിനക്കു് എന്നോടു സ്നേഹമുണ്ടെങ്കിൽ നീ ഇക്കാര്യത്തിൽ പ്രതിബന്ധമായി നിൽക്കരുതു്."

ലക്ഷ്മണൻ:—"ജ്യേഷ്ഠാ! അങ്ങേയ്ക്കു് ഈ അനുജനോടു് അല്പമെങ്കിലും കാരുണ്യം ഉണ്ടെങ്കിൽ എൻെറ അപേക്ഷയെ നിരാകരിക്കരുതു്."

കൗസല്യ:—"രാമാ! കോസലരാജ്യത്തിൻെറ അന്തസ്സു് നീ സംരക്ഷിക്കുവാൻ തീരുമാനിച്ചു. അതുകൊണ്ടു് ലക്ഷ്മണനും അതിൽ പങ്കുകാരനായിരിക്കട്ടെ."

സീതാദേവി:—"ആര്യപുത്രാ! അവിടുത്തെ സാമീപ്യമില്ലെങ്കിൽ അരമനജീവിതം എനിക്കു നരകതുല്യമാണു്. അതിനാൽ എന്നെക്കൂടി വനത്തിലേയ്ക്കു കൊണ്ടുപോകണം."

രാമൻ:—"ജാനകീ! കല്ലും മുള്ളും നിറഞ്ഞ വനാന്തരങ്ങളിൽ, രാക്ഷസന്മാർ മദയാനയെപ്പോലെ ഓടിനടക്കുന്ന പർവ്വതപ്രദേശങ്ങളിൽ നീ നടന്നലയുകയോ?"

സീതാദേവി:—"അങ്ങുന്ന് എൻെറകൂടെ ഉള്ളപ്പോൾ കല്ലും മുള്ളും നിറഞ്ഞ വനമദ്ധ്യം പൂമ്പട്ടുവിരിച്ച കൊട്ടാരവീഥിയും, രാക്ഷസന്മാർ മാൻകിടാങ്ങളും ആയിട്ടുമാത്രമേ എനിക്ക് അനുഭവപ്പെടുകയുള്ളൂ."

രാമൻ:—(കൗസല്യയോട്) "അമ്മേ! ലക്ഷ്മണനും ജാനകിയും ഇങ്ങനെ ശാഠ്യംതുടങ്ങിയാൽ ഞാൻ വല്ലാതെ വിഷമിച്ചുപോകും."

കൗസല്യ:—"രാഘവാ! പതിവ്രതയായ ഭാര്യ, തൻെറ ഭർത്താവിൻെറ അഭാവം എങ്ങനെ സഹിക്കും? ജാനകിയുടെ ആഗ്രഹത്തെ ഒരിക്കലും നീ തടയരുത്."

രാമൻ:—(സന്തോഷത്തോടെ) "അമ്മേ! ഇതെല്ലാം ദൈവത്തിൻെറ ഏതോ മായാവിദ്യയാണ്. ഞങ്ങളെക്കൊണ്ട് അദ്ദേഹത്തിന് എന്തൊക്കെയോ സാധിക്കാനുണ്ടാകും. ശരി; എന്നാൽ ജാനകിയും ലക്ഷ്മണനും പോയി കാട്ടിൽ പാർക്കുന്നതിനുപററിയ വേഷംധരിച്ചു വരിക."

ഉത്തരക്ഷണത്തിൽ സീതാദേവിയും ലക്ഷ്മണനും അവരവരുടെ അന്തഃപുരങ്ങളിൽപോയി അരണ്യജീവിതത്തിനു യോജിച്ച വസ്ത്രങ്ങൾ ധരിച്ചുവന്നു. ലക്ഷ്മണൻെറ കൂടെ മാണ്ഡവിയും ഉണ്ടായിരുന്നു. ആ തരളചിത്തയായ ബാലികയെ കൗസല്യാമാതാവിനെ ഏല്പിച്ചുകൊണ്ടു ലക്ഷ്മണൻ പറഞ്ഞു: "അമ്മേ! മാണ്ഡവിയെ അമ്മ രക്ഷിച്ചുകൊള്ളുക. പതിന്നാലുകൊല്ലത്തെ വനവാസം പതിന്നാലുദിവസത്തേക്കാൾ ലഘുവായി ഞങ്ങൾ കഴിച്ചുകൂട്ടിക്കൊള്ളാം."

ഈ സമയംകൊണ്ടു് രാമചന്ദ്രൻെറ അന്തഃപുരത്തിനുചുററും ഉദ്യോഗസ്ഥന്മാരും പൗരമുഖ്യന്മാരും വന്നു നിറഞ്ഞുകഴിഞ്ഞു. ലക്ഷ്മണൻെറ മാതാവായ സുമിത്രയും വാവിട്ടുകരഞ്ഞുകൊണ്ടു് ഓടിയെത്തി. എല്ലാവരെയും പല നല്ലവാക്കുകൾകൊണ്ടു് സമാധാനപ്പെടുത്തിയിട്ടു് രാമലക്ഷ്മണന്മാരും സീതാദേവിയും വനത്തിലേയ്ക്കു പുറപ്പെട്ടു. അയോദ്ധ്യാനഗരം കഴിയുന്നതുവരെ പൗരന്മാരും ഉദ്യോഗസ്ഥന്മാരും അവരെ അനുയാനംചെയ്തു.

അന്നരാത്രി പന്ത്രണ്ടുമണിയോടുകൂടി ദശരഥൻ മൂർച്ഛവിട്ടെഴുന്നേററു. ക്ഷീണശരീരനായ അദ്ദേഹം സമീപത്തു നില്ക്കുന്നവരെ പ്രത്യേകം പ്രത്യേകം സൂക്ഷിച്ചുനോക്കി. അനന്തരം മുഖ്യമന്ത്രിയായ സുമന്ത്രരോടു ചോദിച്ചു: "രാമചന്ദ്രനെവിടെ? അവനെ എൻെറ അടുക്കൽ കൂട്ടിക്കൊണ്ടുവരിക."

സുമന്ത്രർ:—"മഹാരാജാവേ! രാമചന്ദ്രകുമാരൻ വനവാസത്തിനു പൊയ്ക്കഴിഞ്ഞു. ലക്ഷ്മണകുമാരനും സീതാദേവിയും അദ്ദേഹത്തെ അനുഗമിച്ചിട്ടുണ്ടു്."

ഇതുകേട്ടു് ദശരഥൻ ആത്യന്തികമായ ഹൃദയവ്യഥയോടെ പുലമ്പിത്തുടങ്ങി: "അയ്യോ! ദൈവമേ! എൻെറ കർമ്മഫലം ഇത്ര നീചമാണോ? പ്രിയപ്പെട്ട സചിവേന്ദ്രാ! അവനവൻ ചെയ്ത കുററത്തിനു് അവനവൻതന്നെ ശിക്ഷ അനുഭവിക്കണം. ഞാനൊരിക്കൽ സരയൂതീരത്തിങ്കൽ വേട്ടയാടിക്കൊണ്ടിരുന്നു. ഒന്നും തിരിച്ചറിയാൻ വയ്യാത്തവിധം അന്നു് വലിയ ഇരുട്ടായിരുന്നു. അപ്പോൾ ആന തുമ്പിക്കരത്തിൽ വെള്ളമെടുക്കുന്ന ശബ്ദംകേട്ടു് അതിനെ ലക്ഷ്യമാക്കി ഞാൻ ഒരസ്ത്രം പ്രയോഗിച്ചു. ഹാ! അതോർക്കുംതോറും എൻെറ ഹൃദയം വെന്തുനീറുന്നു. അസ്ത്രം ലക്ഷ്യത്തിൽ തറച്ചു് പാവപ്പെട്ട ഒരു മുനികുമാരൻ മൃതിയടഞ്ഞു. ആ സാധു, കുടത്തിൽ വെള്ളംകോരുന്ന ശബ്ദം

ആന വെള്ളമെടുക്കുന്നതായി ഞാൻ തെററിദ്ധരിച്ചു പോയി. ആ മുനികുമാരൻെറ മാതാപിതാക്കൾ സമീപത്തുള്ള ആശ്രമത്തിലുണ്ടായിരുന്നു. ഞാൻ അവരെ കൂട്ടിക്കൊണ്ടുവന്നു് മൃതനായ കുമാരനെ കാണിച്ചുകൊടുത്തിട്ടു് എൻെറ അപരാധത്തെ വെളിപ്പെടുത്തി. എന്നാൽ ആ വൃദ്ധദമ്പതികൾ മകൻെറ മൃതദേഹത്തോടൊന്നിച്ചു് ചിതയിൽചാടി ദഹിക്കുകയും അതിനുമുമ്പായി "പുത്രദുഃഖത്താൽ നീയും മരിക്കും" എന്നു് എന്നെനോക്കി ശപിക്കുകയും ചെയ്തു. ഹാ! ഹാ! അതെത്ര പരമാർത്ഥമായിരിക്കുന്നു. വിധി! അതിൻെറ യന്ത്രത്തിരിച്ചിലിനെ തടുത്തു നിറുത്തുവാൻ ആരാലും സാദ്ധ്യമല്ല. രാമചന്ദ്രാ! ഹാ! സീതേ! ലക്ഷ്മണാ! നിങ്ങൾ ഇത്രവേഗം എന്നെവിട്ടു പൊയ്ക്കളഞ്ഞോ?" ഇത്രയുമായപ്പോൾ അദ്ദേഹം വീണ്ടും ബോധമില്ലാതെ നിലംപതിച്ചു. ഏതാനും നാഴികയ്ക്കു ശേഷം അദ്ദേഹത്തിൻെറ ദേഹി പ്രപഞ്ചത്തിരയ്ക്കുള്ളിൽ മറഞ്ഞു.

ദശരഥമഹാരാജാവിൻെറ ചരമവൃത്താന്തം കാട്ടുതീപോലെ എല്ലായിടത്തും പരന്നു. കേകയരാജ്യത്തിൽ താമസിച്ചിരുന്ന ഭരതശത്രുഘ്നന്മാരും സാമന്തരാജാക്കന്മാരും പൗരാവലിയും വായുവേഗത്തെ അതിശയിക്കുമാറു് അയോദ്ധ്യയിലെത്തിച്ചേർന്നു. പിതാവിൻെറ അകാലവിയോഗത്തിനു കാരണം തൻെറ മാതാവാണെന്നറിഞ്ഞ ഭരതൻ ജീവച്ഛവമായിപ്പോയതിൽ അതിശയിക്കാനില്ല. ഇനി ഒരുനിമിഷംപോലും അയോദ്ധ്യയിൽ ഇരിക്കുവാൻ താൻ യോഗ്യനല്ലെന്നു് ആ ഹൃദയസമ്പന്നൻ തീരുമാനിച്ചു. അതിൻെറ ഫലമായി മററാരുടേയും അനുവാദം പ്രതീക്ഷിക്കാതെ പിതാവിൻെറ ശരീരം ഒരു എണ്ണത്തോണിയിൽ നിക്ഷേപിച്ചിട്ടു് അദ്ദേഹം രാമചന്ദ്രനെ അന്വേഷിച്ചു പുറപ്പെട്ടുകഴിഞ്ഞു. ശത്രുഘ്നനും അഗ്രജനെ അനുകരിച്ചു. ഇതെല്ലാം കണ്ടു മന്ത്രിമാരും വസി

ഘ്നനും ചതുരംഗസൈന്യങ്ങളോടുകൂടി അവരുടെ പിന്നാലെ പുറപ്പെട്ടു.

ഒരു ചക്രവൎത്തിയെ അകമ്പടിസേവിക്കുന്നമാതിരി പിൻതുടൎന്നുവരുന്ന സൈന്യസന്നാഹങ്ങൾ കണ്ടു് ഭരതശത്രുഘ്നന്മാർ തിരിഞ്ഞുനിന്നു് സുമന്ത്രരോടു ചോദിച്ചു:

ഭരതൻ:— "മന്ത്രിപുംഗവാ! ഇതെന്തൊരനാവശ്യമാണു്. രാജ്യരക്ഷയ്ക്കുള്ള സൈന്യങ്ങളെ എങ്ങോട്ടു വലിച്ചിഴയ്ക്കുന്നു?"

ശത്രുഘ്നൻ:— "നിങ്ങളെല്ലാവരുംകൂടി ഞങ്ങളില്ലാത്ത തരത്തിനു് ജ്യേഷ്ഠന്മാരെയും സീതാദേവിയേയും കാട്ടിലേയ്ക്കയച്ചു. അവിടുന്നും അവരെ ഓടിക്കുവാനാണോ നിങ്ങളുടെ ഈ പുറപ്പാടു്?"

വസിഷ്ഠൻ:—(സുസ്മേരവദനനായി) "വത്സന്മാരേ! ഞങ്ങൾ എല്ലാപേരുംകൂടി പുറപ്പെട്ടതു് എന്തിനുവേണ്ടിയെന്നു സുമന്ത്രർ പറഞ്ഞുതരും."

സുമന്ത്രർ:—(ഭരതനെ അഭിവാദ്യംചെയ്തിട്ടു്) "മഹാരാജാവേ! അവിടുന്നു് ഇപ്പോൾ വെറും രാജകുമാരനല്ല. കോസലചക്രവൎത്തിയാണു്. അവിടുന്നു് എവിടേയ്ക്കെഴുന്നള്ളിയാലുംശരി ഞങ്ങളെല്ലാവരും അകമ്പടിസേവിക്കണം."

ഭരതൻ:—(പൊട്ടിച്ചിരിച്ചുകൊണ്ടു്) "തീൎച്ചയായും അയോദ്ധ്യാനഗരത്തിനു ഭ്രാന്തുപിടിച്ചിട്ടുണ്ടു്. മന്ത്രിശ്രേഷ്ഠാ! കോസലരാജ്യത്തിലെ ഇന്നത്തെ ചക്രവൎത്തി കൊടുംകാട്ടിൽ കിടന്നു നരകിക്കുകയാണു്. ഞാനദ്ദേഹത്തെ നിങ്ങൾക്കു കൊണ്ടുവന്നു തരാം. ഉടനെ എല്ലാവരും അയോദ്ധ്യയിലേക്കു തിരിച്ചു പോകുക."

സുമന്ത്രർ:—"കോസലാധിപൻ ആരെങ്കിലുമാകട്ടെ. അദ്ദേഹത്തോടുകൂടെയല്ലാതെ ഇനി ഞങ്ങൾക്കു രാജധാനിയിൽ പ്രവേശിക്കുവാൻ പാടില്ല."

ഭരതൻ:—"ശരി; എന്നാൽ അയോദ്ധ്യാധിപനായ രാമചന്ദ്രനെ കണ്ടെത്തുന്നതുവരെ ആരും ജലപാനംപോലും ചെയ്യരുതു്. ഈ കഠിനവ്രതത്തെ ഇഷ്ടപ്പെടുന്നവർ മാത്രം ഞങ്ങളെ അനുഗമിക്കുക."

ഇതു കേൾക്കാത്ത താമസം ആ മഹാഘോഷയാത്ര എട്ടുദിക്കും പൊട്ടുമാറു് ഉച്ചത്തിൽ രാമചന്ദ്രമഹാരാജാവിനു ജേവിളിച്ചുതുടങ്ങി. ഇങ്ങനെ അവർ ഒരു ശബ്ദവാഹിനിപോലെ വനാന്തരത്തിലേയ്ക്കു നീങ്ങി.

# 6. പാദുകപട്ടാഭിഷേകം

രാമലക്ഷ്മണന്മാരും സീതയും അയോദ്ധ്യാനഗരംവിട്ടു ഗംഗാതീരത്തിൽ ചെന്നു് വേടരാജാവായ ഗുഹന്റെ സഹായത്താൽ നദി തരണംചെയ്തു് ഒരുദിവസം അദ്ദേഹത്തിന്റെ അതിഥികളായി താമസിച്ചു. അവിടെനിന്നും പിറേറദിവസം പ്രഭാതത്തിൽ വീണ്ടും യാത്രപുറപ്പെട്ടു് രണ്ടുമൂന്നുദിവസംകൊണ്ടു് അവർ ചിത്രകൂടാചലത്തിൽ എത്തിച്ചേർന്നു.

യജ്ഞദ്രവ്യങ്ങളുടെ സുഗന്ധംപരത്തുന്ന മാരുതനും കുളിർജലംനിറഞ്ഞ അരുവികളും മഹർഷിവൃന്ദങ്ങളുടെ വേദപാരായണത്താൽ മുഖരിതമായ അന്തരീക്ഷവും കൊണ്ടു ചിത്രകൂടപർവ്വതം സാക്ഷാൽ കൈലാസംപോലെ അപ്പോൾ ശോഭിച്ചിരുന്നു. രാമാദികൾ മുനികുമാരന്മാരുടെ സഹായത്തോടുകൂടി അവിടെ ഒരു പർണ്ണശാലയുണ്ടാക്കി അതിൽ പാർത്തു. സീതാദേവിയുടെ സഹായാർത്ഥം ഏതാനും മുനികന്യകമാരും പർണ്ണശാലയിൽ താമസമായി. സീതാദേവിക്കു് ജനകപുരിയിലും അയോദ്ധ്യാരാജധാനിയിലും ലഭിക്കാത്ത ഹൃദയാനന്ദം ചിത്രകൂടാശ്രമത്തിൽനിന്നും അനുഭൂതമായി.

ഇങ്ങനെയിരിക്കുമ്പോഴാണു് ഭരതശത്രുഘ്നന്മാർ അനുയായികളോടുകൂടി ഒരു ഗംഭീരമായ വിലാപയാത്രപോലെ ചിത്രകൂടഗിരിയിൽ ചെന്നുചേർന്നതു്. അവിചാരിതമായ ഈ സംഭവം രാമചന്ദ്രനെ അത്ഭുതസ്തബ്ധനാക്കി. ഭരതൻ രാമചന്ദ്രനെക്കണ്ടയുടൻ ഓടിച്ചെന്നു് അഗ്രജപാദങ്ങളിൽ വീണു. രാമൻ ഭരതനെ എഴുന്നേല്പിച്ചുനിറുത്തി. ആ സഹോദരന്മാർ പരസ്പരം കെട്ടിപ്പിടിച്ചു കണ്ണുനീർവാർത്തു. ശത്രുഘ്നനും ലക്ഷ്മണനും അങ്ങനെതന്നെ. ഒടുവിൽ രാമൻ താപമടക്കിക്കൊണ്ടു

ഭരതനോടു ചോദിച്ചു: "വത്സാ! ഭരതാ! ഇതെന്തു സാഹസമാണു്?"

ഭരതൻ:—"ഭ്രാതാവേ! ദുർഭഗയായ എൻെറ അമ്മ അങ്ങയെ ദ്രോഹിച്ചു. തന്നിമിത്തം അച്ഛൻ നമ്മളെ വിട്ടുപിരിഞ്ഞു. അയോദ്ധ്യാനഗരം അനാഥയായി."

വാത്സല്യനിധിയായ അച്ഛൻ മരിച്ചുവെന്നു് അറിഞ്ഞപ്പോൾ രാമചന്ദ്രൻ ഒരു ശിലാപ്രതിമപോലെ നിന്നുപോയി. അദ്ദേഹത്തിൻെറ മുഖവും മാറും ബാഷ്പം കൊണ്ടു മലിനമായി. സീതാദേവിയും ലക്ഷ്മണനും വാവിട്ടുകരഞ്ഞു. സർവ്വജ്ഞനായ രാമൻ ഒരുവിധത്തിൽ ദുഃഖം അടക്കിക്കൊണ്ടു ഭരതനെ ആശ്വസിപ്പിച്ചുതുടങ്ങി.

രാമൻ:—"ഭരതാ! നാം മുജ്ജന്മങ്ങളിൽ ചെയ്ത കർമ്മത്തിൻെറ ഫലം നമ്മെ പിൻതുടൎന്നു കടിച്ചുപീഡിക്കയാണു്. ഇതിൽ കുണ്ഠിതപ്പെടേണ്ട കാര്യമില്ല. നീ ഉടനെ പോയി രാജ്യത്തെ സനാഥമാക്കുക."

ഭരതൻ:—"ജ്യേഷ്ഠാ! ഞാൻ വന്നതു് അങ്ങയുടെ വനവാസം ഏററുവാങ്ങുന്നതിനും ജ്യേഷ്ഠനെ അയോദ്ധ്യയിലേയ്ക്കു തിരിച്ചയയ്ക്കുന്നതിനുമാണു്."

രാമൻ:—"അനുജാ! ഭരതാ! യോഗ്യതയുള്ള പുത്രൻ ഒരിക്കലും പിതൃവാക്യത്തെ അനാദരിക്കരുതു്. വിശേഷിച്ചും നമ്മുടെ ബഹുമാനപ്പെട്ട പിതാവു് ഇപ്പോൾ സ്വൎഗ്ഗസ്ഥനുമായിരിക്കുന്നു. ഇനി അദ്ദേഹത്തിൻെറ ആജ്ഞയേയും സത്യധർമ്മങ്ങളേയും പരിരക്ഷിക്കുക നമ്മുടെ കടമയാണു്. അതിനാൽ നീ ഉടനെ പോയി രാജസിംഹാസനത്തെ സനാഥമാക്കി പ്രജാപരിപാലനംചെയ്ക. ഞങ്ങൾ പതിന്നാലുകൊല്ലം പതിന്നാലുദിവസംപോലെ കഴിച്ചു

കൂട്ടി വന്നുചേരാം. ഇക്കാര്യത്തിൽ, കൈകേയിയമ്മയെ ഒരിക്കലും നീ കുററപ്പെടുത്തരുതു്."

ഭരതൻ:—"മഹാരാജാവേ! ഈ കല്പന ഭരതനെ നശിപ്പിച്ചുകളയും. നിസ്സഹായനും ബാലനുമായ ഞാൻ വിസ്തൃതമായ കോസലരാജ്യം ഭരിക്കുവാൻ ഒരുപ്രകാരത്തിലും ശക്തനല്ല. അവിടുത്തെ എതിരേററു കൊണ്ടുപോകുന്നതിനാണു് മന്ത്രിമാരും ഉദ്യോഗസ്ഥന്മാരും ചതുരംഗസേനയോടുംകൂടി ഇവിടം വരെ വന്നതു്."

രാമൻ:—"പ്രിയസഹോദരാ! നീ വളരെ വിവേകവും ഭ്രാതൃസ്നേഹവുമുള്ളവനാണെന്നു് എനിക്കറിയാം. കോസലരാജ്യമെന്നല്ല, അതിനേക്കാൾ പ്രബലവും വിപുലവുമായ രാജ്യം ഭരിക്കുന്നതിനും നീ സമൎത്ഥനാണു്. വിശ്വസ്തരായ രാജ്യതന്ത്രജ്ഞരും സമൎത്ഥരായ മന്ത്രിമാരും നമുക്കുണ്ടു്. അതുകൊണ്ടു നീ ഉടനെ പോയി രാജ്യപരിപാലനം സ്വീകരിക്കുക. സമുദ്രം അതിരിനെ ലംഘിച്ചാലും ഞാൻ എന്റെ നിശ്ചയത്തേയും പിതൃശാസനത്തേയും ലംഘിക്കയില്ല."

ഭരതൻ:—"ജ്യേഷ്ഠാ! എന്നാൽ ഈ അനുജന്റെ ഒരപേക്ഷയെങ്കിലും അവിടുന്നു കൈക്കൊള്ളണം. അവിടുത്തെ പാദുകങ്ങൾ ഇപ്പോൾതന്നെ എനിയ്ക്കു തന്നയയ്ക്കണം. ആ പൂജ്യപാദുകങ്ങൾ സിംഹാസനത്തിൽ പ്രതിഷ്ഠിച്ചു് അവിടുത്തെ ആജ്ഞാകരനും ദാസനുമായി ഞാൻ രാജ്യം ഭരിച്ചുകൊള്ളാം."

രാമൻ ഭരതന്റെ ഒടുവിലത്തെ ആഗ്രഹത്തെ സാധിച്ചുകൊടുക്കാൻ നിർബന്ധിതനായി. അദ്ദേഹം തന്റെ പാദുകങ്ങൾ ഊരി ഭരതനെ ഏല്പിച്ചുകൊണ്ടു പറഞ്ഞു: "അനുജാ! കോസലരാജ്യത്തിന്റെ ധർമ്മമദീ

പത്തെ എന്നെക്കാറം ക്രൂരതലായി നീ ഉജ്ജ്വലിപ്പിച്ചു. നീയാണു് യഥാൎത്ഥ സഹോദരൻ."

ഭരതൻ:—(പാദുകങ്ങറം വാങ്ങി ശിരസ്സിൽ വച്ചിട്ടു്)"ജ്യേഷ്ഠാ! ഈ നിമിഷം മുതൽ അങ്ങയുടെ പുനർദ്ദൎശനം ഉണ്ടാകുന്നതുവരെ ഞാനും സന്യാസിയായിരിക്കും. പതിന്നാലുസംവത്സരം കഴിയുന്നതിൻെറ പിറേറ ദിവസം അയോദ്ധ്യയിൽ സൂൎയ്യോദയത്തിനുമുമ്പേ രാമചന്ദ്രോദയമുണ്ടായില്ലെങ്കിൽ അവിട്ടത്തെ ഭരതൻ അഗ്നിയിൽപ്രവേശിച്ചു ദേഹത്യാഗംചെയ്യും."

ഇത്രയും പറഞ്ഞുതീൎന്നപ്പോറം അദ്ദേഹത്തിനു ഗദ്ഗദമുണ്ടായി. രാമചന്ദ്രനും മന്ത്രിമാരും മററും ഒന്നു പോലെ ഹൃദയംപൊട്ടിക്കരഞ്ഞു.

അനന്തരം ഭരതശത്രുഘ്നന്മാർ രാമലക്ഷ്മണന്മാരോടും സീതാദേവിയോടും പ്രത്യേകം പ്രത്യേകം യാത്ര പറഞ്ഞു് പരിവാരങ്ങളുമായി അയോദ്ധ്യയിലേക്കു തിരിച്ചു. അവിടെ ചെന്നുചേൎന്ന ഉടൻ ദശരഥമഹാരാജാവിൻെറ ശരീരം സാമന്തരാജാക്കന്മാരുടെയും ബന്ധുജനങ്ങളുടെയും നേതൃത്വത്തിൽ ഭരതശത്രുഘ്നന്മാർ യഥാവിധി സംസ്കരിച്ചു് ശേഷക്രിയകറം നടത്തി. പിന്നെ ഒട്ടും തന്നെ താമസിയാതെ രാജധാനിയിലുള്ള നന്ദിഗ്രാമത്തിൽ ഒരു സിംഹാസനമുണ്ടാക്കി അതിൽ രാമപാദുകങ്ങറം പ്രതിഷ്ഠിച്ചു് ജഡാവല്ക്കലധാരിയായ ഭരതൻ ബ്രഹ്മചൎയ്യാനിഷ്ഠയോടുകൂടി രാജ്യപരിപാലനം നടത്തി.

# 7. പഞ്ചവടീവാസം

രാമലക്ഷ്മണന്മാരും മഹർഷിമാരുടെ കാർമ്മികത്വത്തിൽ പിതാവിൻെറ ശേഷക്രിയകഠം വനത്തിൽവച്ചു് തന്നെ ഭംഗിയായി നിർവ്വഹിച്ചു. അനന്തരം ഇനിയും ചിത്രകൂടത്തിൽ താമസിച്ചാൽ ബാലചാപല്യം മാറാത്ത ഭരതൻ വീണ്ടും ഓടിവന്നേക്കുമെന്നു ഭയപ്പെട്ടു് അവർ സീതാസമേതം അവിടെനിന്നും നേരെ തെക്കോട്ടു നടന്നു് അന്ധകാരാവൃതമായ ഒരു വനമദ്ധ്യത്തിൽ പ്രവേശിച്ചു. ആ കാട്ടിൽവച്ചു് വിരാധൻ എന്ന രാക്ഷസൻ സീതാദേവിയെ അപഹരിക്കുവാൻ വട്ടംകൂട്ടി. രാമൻ അവനെ നൊടിയിടയിൽ കാലഗേഹത്തിലേക്കു് അയച്ചു. അങ്ങനെ നടന്നും വിശ്രമിച്ചും ആ മഹാരണ്യം തരണംചെയ്തു് ശരഭംഗമഹർഷിയുടെ ആശ്രമത്തിൽ എത്തിച്ചേർന്നു കുറേനാഠം പാർത്തു. പിന്നെയും അവിടെനിന്നും പുറപ്പെട്ടു് അഗസ്ത്യമഹർഷിയുടെ ആശ്രമത്തിൽ ചെന്നു് അദ്ദേഹത്തിൻെറ ആതിഥ്യം സ്വീകരിച്ചു് ഏതാനും ദിനരാത്രങ്ങഠം അവിടെയും കഴിച്ചുകൂട്ടി.

അനന്തരം അഗസ്ത്യൻെറ ഉപദേശം അനുസരിച്ചു് അവർ ഗോദാവരീനദിയുടെ തീരത്തിലുള്ള പഞ്ചവടി എന്ന പുണ്യസ്ഥലം സന്ദർശിച്ചു് അവിടെ മനോഹരമായ ഒരു പർണ്ണശാല കെട്ടിയുണ്ടാക്കി അതിൽ സുഖമായി വസിച്ചു.

ഈ അവസരത്തിൽ ലങ്കാധിപനായ രാവണൻെറ സഹോദരി ശൂർപ്പണഖ പഞ്ചവടിക്കു സമീപമുള്ള വനാന്തരങ്ങളിൽ സ്വൈരവിഹാരം ചെയ്തുവന്നു. അവളുടെ തൊഴിൽ താപസകുമാരന്മാരെയും വഴിപോക്കരായി വരുന്നവരെയും മയക്കിക്കൊണ്ടുപോയി അസുരന്മാർക്കു് ആഹാരമാക്കുകയായിരുന്നു. ഇന്ദ്രജാലങ്ങളും മഹേന്ദ്ര

ജാലങ്ങളും അവൾക്കു ദാസ്യംവഹിച്ചിരുന്നു. മനുഷ്യരുടെയും മൃഗങ്ങളുടെയും മററും രൂപം ധരിക്കുന്നതിന് ശൂൎപ്പണഖയെപ്പോലെ സാമൎത്ഥ്യമുള്ളവർ അക്കാലത്തു തീരെ വിരളമായിരുന്നു.

അവൾ ഒരുദിവസം പഞ്ചവടിയുടെ സമീപത്തുകൂടെ നടക്കുമ്പോൾ കോമളന്മാരായ രാമലക്ഷ്മണന്മാരെയും ത്രൈലോക്യസുന്ദരിയായ ജാനകിയെയും കണ്ടു് അത്ഭുതപരവശയായി. "അഹോ! ലോകത്തിൽ ഇങ്ങനെയും സ്ത്രീപുരുഷന്മാർ ഉണ്ടോ? ഇവരെ വശപ്പെടുത്തിയാൽ എൻെറ ജ്യേഷ്ഠന്മാൎക്കു് ഒരുദിവസത്തെ സദ്യ കേമമായി നടത്താം. ഒരുപക്ഷെ ഇവർ വല്ല ദേവന്മാരുമായിരിക്കുമോ? ഏതായാലും ഒന്നു പരീക്ഷിക്കുകതന്നെ." എന്നിപ്രകാരമെല്ലാം വിചാരിച്ചുകൊണ്ടു് ആ രാക്ഷസി ഒരു അത്ഭുതസുന്ദരിയുടെ വേഷപ്പകൎച്ചയോടെ പഞ്ചവടിയിലേയ്ക്കു ചെന്നു. അവളെ കണ്ടമാത്രയിൽ ഏതോ മുനികുമാരിയുടെ ആതിഥേയത്വം ലഭിച്ചു എന്ന സന്തോഷത്തോടെ രാമാദികൾ അവൾക്കു് സ്വാഗതമരുളി ആസനസ്ഥയാക്കി. തനിക്കു ലഭിച്ച അപ്രതീക്ഷിതമായ സ്വീകരണത്തിൽ സന്തുഷ്ടചിത്തയായ ശൂർപ്പണഖ വിനയപൂർവ്വം രാമലക്ഷ്മണന്മാരെ നോക്കി ചോദിച്ചു: "അല്ലയോ! സഹോദരസ്നേഹമുള്ളവരേ! നിങ്ങൾ ആരെല്ലാമാണു്? ഈ സ്ത്രീയേതു്? രാക്ഷസന്മാർ നിറഞ്ഞ ഈ കാനനത്തിൽ നിങ്ങൾ എന്തിനു വന്നു താമസിക്കുന്നു?"

രാമൻ:—"ദേവീ! ഞങ്ങൾ അയോദ്ധ്യാധിപനായിരുന്ന ദശരഥൻെറ പുത്രന്മാരാണു്. ഇവൾ എൻെറ ഭാൎയ്യയും മിഥിലാധിപൻെറ പുത്രിയുമായ ജാനകിയാണു്. ആ നിൽക്കുന്നതു് എൻെറ അനുജൻ ലക്ഷ്മണനത്രേ. എൻെറ പേർ രാമചന്ദ്രനെന്നാണു്.

ശൂർപ്പണഖ:—"രാജകുമാരന്മാൎക്കും ജാനകിക്കും നമസ്കാരം! നിങ്ങൾ എന്തിനുവേണ്ടി വനവാസം അനുഷ്ഠിക്കുന്നു എന്നു പറഞ്ഞില്ലല്ലോ."

രാമൻ:—"ദേവിയെപ്പോലെ ദിവ്യത്വമുള്ളവരുമായി സമ്പൎക്കത്തിലേർപ്പെട്ടു് സംസ്കാരം സമ്പാദിക്കുന്നതിനു്. ഇനി അവിടുത്തെ വിവരമറിയാൻ ആഗ്രഹിക്കുന്നു."

ശൂർപ്പണഖ:—(മന്ദഹാസത്തോടെ) "രാജകുമാരാ! ലങ്കയിൽ ത്രൈലോക്യവിജയിയായ രാവണൻ എന്നൊരു രാജാവുള്ളതായി അറിയാമല്ലോ. അദ്ദേഹത്തിൻെറ ഏകസഹോദരി ശൂർപ്പണഖയാണു ഞാൻ. മഹാഭാഗ്യവാന്മാരായ നിങ്ങൾ ജാനകിയുമൊന്നിച്ചു് എൻെറകൂടെ വരിക. നമുക്കു സ്വൎഗ്ഗത്തെയും അതിശയിക്കുന്ന ലങ്കാരാജ്യത്തിൽ ചെന്നു താമസിക്കാം."

സമീപത്തിരിക്കുന്ന വനിതാരത്നം ഒരു രാക്ഷസിയാണെന്നറിഞ്ഞപ്പോൾ സീതാദേവിയും ലക്ഷ്മണനും അല്പം ഭയപ്പെടാതിരുന്നില്ല. രാമനാകട്ടെ, മന്ദസ്മിതം തൂകിക്കൊണ്ടു ശൂർപ്പണഖയെ നോക്കി പറഞ്ഞു.

രാമൻ:—ഭാഗ്യവതിയായ ശൂർപ്പണഖേ! നിന്നെപ്പററി ഞാൻ കേട്ടിട്ടുണ്ടു്. നിൻെറ വിലയേറിയ ക്ഷണം സ്വീകരിക്കുവാൻ തല്ക്കാലം ഞങ്ങൾക്കു സൗകര്യമില്ല."

ശൂർപ്പണഖ:—"സുമുഖനായ രാമചന്ദ്രാ! ഞാൻ എന്തെങ്കിലും നിശ്ചയിച്ചുറച്ചാൽ അതു സാധിക്കാതെ പിൻവാങ്ങുക പതിവില്ല. ഇപ്പോൾ ഞാനറിയാതെ തന്നെ അങ്ങയുടെ കോമളവിഗ്രഹം എൻെറ ഹൃദയത്തിൽ പ്രതിഷ്ഠിക്കപ്പെട്ടുപോയി. തന്നിമിത്തം അങ്ങു് എനിക്കു വിധേയനാണു്. ഒന്നുകിൽ നമുക്കു

ലങ്കാരാജ്യത്തിലേക്കുപോകാം. അല്ലെങ്കിൽ എന്നെ കൂടെ ഈ ആശ്രമത്തിൽ താമസിപ്പിച്ചുകൊള്ളുക."

രാമൻ:—"സുന്ദരി! ഞാൻ സഭാര്യനാണെന്നു് അറിയിച്ചു കഴിഞ്ഞല്ലോ. ആ നിലയ്ക്കു് നിന്നെയുംകൂടെ സ്വീകരിക്കുന്നതു് അപകടമാണു്. രണ്ടു ഭാര്യമാരുടെ കൂടെ താമസിക്കുന്ന പുരുഷൻ പാമ്പിൻെറയും പൂച്ചയുടെയും ഇടയിൽപെട്ട എലിയെപ്പോലെ കഷ്ടപ്പെടും. അതുകൊണ്ടു നീ എൻെറ അനുജനെ സമീപിക്കുക."

രാമവാക്യം കേട്ടു് കുണ്ഠിതയായിട്ടാണെങ്കിലും ശൂർപ്പണഖ ലക്ഷ്മണൻെറ അടുത്തുചെന്നു് തൻെറ ആഗ്രഹം അറിയിച്ചു. ലക്ഷ്മണനും ചില ഒഴികഴിവുകൾ പറഞ്ഞു് അവളെ രാമചന്ദ്രൻെറ അടുക്കലേക്കുതന്നെ തിരിച്ചയച്ചു. രാമൻ വീണ്ടും അവളെ ലക്ഷ്മണനികടത്തിലേയ്ക്കോടിച്ചു. അങ്ങനെ ആ കാമരൂപിണി അങ്ങോട്ടുമിങ്ങോട്ടുമോടി പരവശപ്പെട്ടു. ഇതുകണ്ടു് ജാനകി ഉറക്കെ പൊട്ടിച്ചിരിച്ചുപോയി.

സീതാദേവിയുടെ ചിരികേട്ടു് ശൂർപ്പണഖയ്ക്കു് അവമാനവും ദേഷ്യവും ഒരുമിച്ചുണ്ടായി. അവൾ "കഷ്ടം! ഒരു മനുഷ്യസ്ത്രീയായ ഇവൾനിമിത്തമാണല്ലോ എനിക്കീ പരാജയം നേരിട്ടതു്. അതിനാൽ ആദ്യം ഇവളെത്തന്നെ തിന്നുകളയാം" എന്നുംമററും ജാനകിയെ നോക്കി വിചാരിച്ചുകൊണ്ടു് തൻെറ കോമളമായ രൂപം മാററി യഥാർത്ഥശൂർപ്പണഖയുടെ വേഷത്തിൽ ജാനകിയുടെ നേക്കു ചാടിവീണു. എന്നാൽ ഈ ആപത്തു നേരത്തെ പ്രതീക്ഷിച്ചുനിന്ന ലക്ഷ്മണൻ ഉറയിൽനിന്നു വാൾ ഊരി ആ നിഷ്ക്കണ്ടകയുടെ മൂക്കും മുലകളും ഒരേവെട്ടിനു് അരിഞ്ഞുവീഴ്ത്തി.

അപ്രതീക്ഷിതമായി നേരിട്ട ഈ ഭയങ്കരവിപത്തുനിമിത്തം അവൾ പ്രാണഭീതിയോടെ ഉറക്കെ നിലവി

ളിച്ചും രക്തത്തിൽ കുളിച്ചും പലായനംചെയ്തു്, നൊടിയിടകൊണ്ടു് സമീപത്തുള്ള തന്റെ സഹോദരന്മാരായ ഖരൻ, ദൂഷണൻ, ത്രിശിരാവു് എന്നീ അസുരശ്രേഷ്ഠന്മാരുടെ സങ്കേതത്തിലെത്തിച്ചേൎന്നു. അരുമസ്സഹോദരിയുടെ ദയനീയസ്ഥിതികണ്ടു് ചകിതചിത്തരും പ്രകോപവാന്മാരുമായ ഖരാദികൾ അവളോടു് ആ സംഭവത്തിന്റെ സത്യാവസ്ഥ മുഴുവൻ ചോദിച്ചറിഞ്ഞു. തങ്ങളുടെ വിഹാരവനത്തിൽ അനുവാദംകൂടാതെ പ്രവേശിക്കാനും, പോരാതെ ആ മനുഷ്യർ പൊന്നനുജത്തിയെ ദ്രോഹിക്കുന്നതിനും ധൈര്യപ്പെട്ടതിൽ ആ രാക്ഷസപ്രമാണികൾ അതിശയിച്ചു. അവരുടെ അഭിമാനത്തിനു വലിയ ഇടിവുപററിപ്പോയി. അവർ മൂന്നുപേരും സഹചാരികളുമൊന്നിച്ചു് രാമലക്ഷ്മണന്മാരോടു് ഒരുകൈ നോക്കുവാൻതന്നെ തീൎച്ചപ്പെടുത്തി പഞ്ചവടിയിലേയ്ക്കു പുറപ്പെട്ടു.

രാക്ഷസന്മാരുടെ പ്രസ്ഥാനഭേരീനാദവും അട്ടഹാസങ്ങളും കേട്ടു് അവർ യുദ്ധസന്നദ്ധരായി പുറപ്പെട്ടിരിക്കുകയാണെന്നു രാമചന്ദ്രൻ മനസ്സിലാക്കി. ഉടൻതന്നെ ലക്ഷ്മണന്റെ സംരക്ഷണത്തിൽ സീതാദേവിയെ ഒരു ഗുഹയിൽകൊണ്ടു പാൎപ്പിച്ചു. ഇത്രയും സമയംകൊണ്ടു രാക്ഷസന്മാർ ആശ്രമസങ്കേതത്തിലെത്തിക്കഴിഞ്ഞു. രാമൻ അവരുമായേററു യുദ്ധം തുടങ്ങി. ഒരുദിവസം മുഴുവൻ നീണ്ടുനിന്ന ആ യുദ്ധത്തിൽ രാമചന്ദ്രന്റെ ദിവ്യബാണങ്ങളേററു് രാക്ഷസന്മാർ ഒന്നൊഴിയാതെ മരിച്ചുവീണു. ഇതെല്ലാം കണ്ടു ശൂൎപ്പണഖ കിടുകിടാ വിറച്ചുകൊണ്ടലറിയും വായുവേഗത്തെ അതിശയിക്കുമാറോടിയും ലങ്കാരാജ്യം പ്രാപിച്ചു് തന്റെ മൂത്തജ്യേഷ്ഠനായ രാവണന്റെ മുമ്പിൽ അലച്ചുവീണു് വാവിട്ടു നിലവിളിച്ചു. ഇതു കണ്ടു് ആ രാക്ഷസേശ്വരനു കലികൊണ്ടു.

# 8. സീതാപഹരണം

രാവണൻ, പൊട്ടിത്തകൎന്ന കുങ്കുമകിടാരംപോലെ ഭൂമിയിൽ കിടക്കുന്ന ശൂൎപ്പണഖയെ നോക്കി അട്ടഹസിച്ചു കൊണ്ടു ചോദിച്ചു: "അനുജത്തീ! ആരാണീ ഘോരകൃത്യം ചെയ്തതു്? അവൻ ദേവേന്ദ്രനോ ഹരിയോ ഹരനോ ആരു തന്നെയാകട്ടെ, ക്ഷണത്തിൽ അവന്റെ കഥ ഞാൻ കഴിക്കുന്നുണ്ടു്."

ശൂൎപ്പണഖ:—"ജ്യേഷ്ഠാ! അവരാരുമല്ല എന്നെയിങ്ങനെ വികൃതരൂപിണിയാക്കിയതു്. നമ്മുടെ പഞ്ചവടിയിൽ രണ്ടു മനുഷ്യകീടങ്ങൾ ഒരു പെണ്ണുമായി വന്നു പാൎക്കുന്നുണ്ടു്. ആ നീചന്മാരാണു് എന്നെയിങ്ങനെ ചെയ്തതു്. അവരിൽ പുരുഷന്മാർ അയോദ്ധ്യാധിപനായ ദശരഥന്റെ പുത്രന്മാരിൽ രാമനും ലക്ഷ്മണനും, ആ പെണ്ണു് ജനകരാജാവിന്റെ മകൾ സീതയും ആണുപോലും!"

രാവണൻ:—"ആഹ്ഹാ! ആ കൊച്ചുതെമ്മാടികളോ? അവരെ ഞാൻ അടുത്ത ക്ഷണത്തിൽ അടിച്ചുകൊന്നു പൊടിപറപ്പിക്കുന്നുണ്ടു്."

ഇപ്രകാരമെല്ലാം വീരഗൎജ്ജനം മുഴക്കിക്കൊണ്ടു് രാവണൻ നേരെ ഗോകൎണ്ണത്തിലേയ്ക്കു പോയി, മാതുലനായ മാരീചനെ കണ്ടു് സങ്കടംപറഞ്ഞു.

വിശ്വാമിത്രന്റെ യാഗസംരക്ഷണവേളയിൽ രാമബാണം ഭയപ്പെട്ടു് രാക്ഷസന്മാരുടെ കൂട്ടുപേക്ഷിച്ചു പോയി ഗോകൎണ്ണത്തിൽ താമസിക്കുന്ന മാരീചൻ രാവണന്റെ സങ്കടാപേക്ഷ കേട്ടപ്പോൾ തനിക്കു വീണ്ടും ആപത്തു സമീപിച്ചതായിമനസ്സിലാക്കി. അയാൾ രാവണനെ പലവിധത്തിൽ ഗുണദോഷിച്ചിട്ടും നിവൃത്തിയില്ലാതെ ഒടുവിൽ അവന്റെ ആഗ്രഹമനുസരിച്ചു് ഒരു സ്വൎണ്ണ

വണ്ണമുള്ള പേടമാനായി രൂപാന്തരംപ്രാപിച്ച് രാമാദി കൾ വസിക്കുന്ന പഞ്ചവടിയിലേയ്ക്കു പോയി. പിന്നാലെ രാവണനും പുറപ്പെട്ടു.

പഞ്ചവടിയാശ്രമത്തിൻെറ സമീപത്തുള്ള പുൽത്ത കിടിയിൽ മാരീചനാകുന്ന കപടമാൻപേട ഓടിച്ചാടി നടന്നു. അതിൻെറ കളിയും കരുണനിറഞ്ഞ നോട്ടവും സ്വർണ്ണവർണ്ണമുള്ള പുള്ളിയും മററും കണ്ടു് സീതാദേവി വളരെ ആനന്ദിച്ചു. ആ സാധുമൃഗത്തെ പിടിച്ചുകൊടു ക്കുവാൻ സീത പ്രാണപതിയെ നോക്കി യാചിച്ചു. രാമ ചന്ദ്രൻ ഉത്തരക്ഷണത്തിൽ മാനിനെ സമീപിച്ചു പിടി ക്കൂടാൻ തുടങ്ങിയപ്പോൾ അതു് ഒരുചാട്ടത്തിനു് ദൂരെ ഓ ടിക്കളഞ്ഞു. രാമൻ വീണ്ടും അതിനെ പിൻതുടന്നു. അങ്ങനെ അടുത്തും അകന്നും അവർ വളരെ ദൂരെയായി. നിരാശാഭരിതനായ രാമൻ ഒരസ്ത്രമെടുത്തു മാനിൻെറ നേക്കയച്ചു. രാമബാണമേററ മാൻ പെട്ടെന്നു രൂപംമാററി യഥാത്ഥ മാരീചനായി. "ഹാ! ഹാ! ലക്ഷ്മണാ! സീതേ! ഇതാ രാക്ഷസന്മാർ എന്നെ കൊല്ലുന്നേ! ഓടിവരണേ!" എന്നു് ഉറക്കെ നിലവിളിച്ചുകൊണ്ടു് മരിച്ചുവീണു.

മാരീചൻെറ കൃത്രിമമായ നിലവിളി പഞ്ചവടി യിൽ നിന്നു സീതയും ലക്ഷ്മണനും കേട്ടു. ലക്ഷ്മണൻ അതുകേട്ടു മന്ദഹസിക്കുകയാണു് ചെയ്തതു്. സീതയാകട്ടെ പരിഭ്രമിച്ചുകൊണ്ടു ലക്ഷ്മണനോടു പറഞ്ഞു: "ജ്യേഷ്ഠ ൻെറ ശബ്ദമല്ലേ കേട്ടതു്? ഓടിച്ചെല്ലുക. ഏതോ രാക്ഷ സന്മാർ അദ്ദേഹത്തെ ഉപദ്രവിക്കുകയാണു്."

ലക്ഷ്മണൻ:—"ദേവീ! ജ്യേഷ്ഠൻ കരയുകയോ? ഒരിക്കലു മില്ല. ആ കേട്ടതു് ഏതോ രാക്ഷസൻെറ മായാ ശബ്ദമാണു്."

സീതാദേവി:—"അല്ല. തീർച്ചയായും ആര്യപുത്രൻെറ നില വിളിയാണു കേട്ടതു്. അനുജൻ ഓടിച്ചെന്നു് അദ്ദേഹത്തെ രക്ഷിക്കുക. ഉം!"

ലക്ഷ്മണൻ:—"ഞാൻ ദേവിയുടെ രക്ഷയ്ക്കായി ജ്യേഷ്ഠനാൽ നിയോഗിക്കപ്പെട്ടിരിക്കയാണു്. രാക്ഷസന്മാരുടെ ഈ സങ്കേതത്തിൽ ദേവിയെ തനിയെ വിട്ടിട്ടു് ഞാൻ എങ്ങും പോകുവാൻ പാടില്ല."

സീതയ്ക്കു് ഇതുകേട്ടിട്ടു് സങ്കടം സഹിക്കാതെയായി. അവർ ലക്ഷ്മണനെ നോക്കി കോപത്തോടെ പറഞ്ഞു: "ദ്രോഹി! ജ്യേഷ്ഠൻ മരണഭീതിയോടെ കരയുന്നതുകേട്ടിട്ടും ഇളകാത്ത നിൻെറ ചിത്തം കരിങ്കല്ലുതന്നെയാണു്. നിൻെറ ഉദ്ദേശം എനിക്കു മനസ്സിലായി. ഇതിനാണോ ഞങ്ങളുടെ മുമ്പേ പുറപ്പെട്ടുവന്നതു്."

ലക്ഷ്മണൻ:—"ദേവീ! ഇപ്രകാരം എന്നെ തെററിദ്ധരിക്കുന്നതു സങ്കടമാണു്. ജ്യേഷ്ഠനു് യാതൊരാപത്തും വരികയില്ല. ഞാൻ ദേവിയുടെ ദാസൻമാത്രമാണു്."

സീതാദേവി:—"മതിമതി. നീ ജ്യേഷ്ഠൻെറ നാശം പ്രതീക്ഷിക്കുന്നവനാണെന്നെനിക്കറിയാം. ഈ നിമിഷത്തിൽ നീ എൻെറ മുമ്പിൽനിന്നും പോയില്ലെങ്കിൽ ഞാൻ അഗ്നിയിൽചാടി ദഹിച്ചുകളയും.

ഇതെല്ലാം കേട്ടു് ലക്ഷ്മണൻ പോകാനും നില്ക്കാനും നിവ്വാഹമില്ലാതെ കുഴങ്ങി. അനന്തരം സീതയെ നോക്കി "ദേവീ! നമുക്കു് ഏതോ കഷ്ടകാലം സമീപിച്ചിട്ടുണ്ടു്. ക്ഷമിക്കണം. ഞാനിതാ പോകുന്നു." ഇത്രയും പറഞ്ഞിട്ടു മാരീചൻെറ നിലവിളികേട്ട ദിക്കിലേയ്ക്കോടി.

ഈ സന്ദർഭത്തിൽ സമീപമുള്ള വൃക്ഷത്തിൻെറ മറവിൽനിന്നു രാവണൻ ഒരു സന്ന്യാസിയുടെ വേഷത്തിൽ സീതാദേവിയെ സമീപിച്ചു് കൈകളുയത്തി അനുഗ്ര

ഹിച്ചു. ഭർത്താവും അനുജനും ഇല്ലാത്ത സമയത്തു് തന്നെ കാത്തുകൊള്ളുന്നതിനു വന്ന ദൈവദൂതനെന്നു സങ്കല്പിച്ചു് ജാനകി ആ കപടസന്യാസിയെ പൂജിച്ചിരുത്തി വിനയപുരസ്സരം ചോദിച്ചു: "മഹാത്മൻ! അവിടുന്നു പുറപ്പെട്ട പുണ്യസ്ഥലമേതാണു്?"

രാവണൻ —"വത്സേ! ലങ്കാധിപനായ രാവണചക്രവർത്തിയെപ്പററി കേട്ടിട്ടില്ലേ. അദ്ദേഹത്തിൻെറ അരമനയിൽനിന്നാണു ഞാൻ വരുന്നതു്. ഭവതി തനിയെ ഈ ആശ്രമത്തിൽ എങ്ങനെ വന്നുചേൎന്നു?"

സീതാദേവി:—"എൻെറകൂടെ ആൎയ്യപുത്രനും അദ്ദേഹത്തിൻെറ അനുജനും ഉണ്ടു്. അവർ അടുത്ത വനത്തിൽ വേട്ടയാടാൻ പോയിരിക്കുന്നു."

രാവണൻ:—"ശിവ! ശിവ! സാധുവായ നിന്നെ തനിയെ ഇവിടെ വിട്ടിട്ടു് അവർ വേട്ടയ്ക്കു പോയിയെന്നോ? ഇത്തരം കടുംകൈ മനുഷ്യരാരെങ്കിലും ചെയ്യുമോ? ആകട്ടെ; ഭദ്രേ! ഭവതി ഇനി ആ മനുഷ്യാധമന്മാരുടെകൂടെ താമസിക്കേണ്ട. ശക്തികൊണ്ടു ദേവന്മാരേക്കൂടി അടിമകളാക്കിയ രാവണൻമാത്രമേ നിൻെറ ഭർത്താവായിരിക്കാൻ യോഗ്യനായിട്ടുള്ളു. അതുകൊണ്ടു നീ എൻെറകൂടെ പുറപ്പെടുക. ഞാൻ നിന്നെ ലങ്കയിൽ കൊണ്ടാക്കാം."

സീത:—(കോപാവേശംകൊണ്ടു വിറച്ചു്) "ഛീ! കിഴട്ടു സന്യാസീ! തെണ്ടാൻ നടക്കുന്ന നീ കല്യാണമാലോചിക്കുന്നോ? നീ ആരെപ്പററിയാണു് എൻെറ മുമ്പിൽ പുകഴ്ത്തിപ്പറഞ്ഞതു്? എൻെറ കല്യാണത്തിനുവന്നു് ഒരു വില്ലിൻെറ അടിയിൽപെട്ടു് മരിക്കാൻതുടങ്ങിയ ശുദ്ധഗതിക്കാരനായ ആ രാവണൻ എൻെറ ആൎയ്യപുത്രൻെറ സഹായത്താലല്ലേ ഇന്നും ലങ്കാരാജ്യം ഭരിക്കുന്നതു്. കഷ്ടം! കഷ്ടം! എടോ

പട്ടവ്വഷ്ഠാ! പൂച്ചസന്ന്യാസീ! തനിക്കു സമ്മാനം വേണ്ടെങ്കിൽ ആര്യപുത്രൻ വരുന്നതിനുമുമ്പെ ഓടിപ്പൊയ്ക്കൊൾക."

സീതാദേവിയുടെ ഭത്സനംകേട്ട് രാവണസന്ന്യാസി ഇളിഭ്യനായി. എങ്കിലും തന്റെ സ്വയരൂപം കാണിച്ചുകൊണ്ട് അവരെ നോക്കി പറഞ്ഞു: "സീതെ! നീ ആരെ, ആരുടെ മുമ്പിൽവച്ചാണധിക്ഷേപിച്ചതെന്ന് ഓർമ്മിച്ചുകൊള്ളുക. നിന്റെ അഹങ്കാരത്തെ ശമിപ്പിക്കാതെ ഇനി ഈ രാവണന്ന് മറെറാരു ജോലിയുമില്ല" എന്നുപറഞ്ഞ് പൂങ്കുലപോലെ കിടുകിടാ വിറച്ചുനില്ക്കുന്ന സീതയെ പിടിച്ചുവലിച്ചു കൊണ്ടുപോയി അടുത്തൊരു കാട്ടിൽ മറച്ചുവച്ചിരുന്ന വിമാനത്തിൽ കയററി വായുവേഗത്തെയും അതിലംഘിച്ച് ലങ്കയിലേയ്ക്കു പറന്നുപോയി. അവിടെച്ചെന്നയുടൻ രാവണൻ സീതാദേവിയെ അശോകവനികയിലുള്ള ഒരു വൃക്ഷത്തിന്റെ ചുവട്ടിൽ താമസിപ്പിക്കുകയും കുറെ രാക്ഷസികളെ അവിടെ കാവൽനിറുത്തുകയും ചെയ്തു.

# 9. സുഗ്രീവസഖ്യം

ലക്ഷ്മണൻ കുറച്ചുദൂരം ചെന്നപ്പോൾ രാമനെ കണ്ടുമുട്ടി വിവരം ധരിപ്പിച്ചു. അവർ അതിവേഗത്തിൽ നടന്നു പർണ്ണശാലയിലെത്തി സീതയെ നോക്കി. കാണ്മാനില്ല. അനന്തരം രാമചന്ദ്രൻ "ജാനകീ! ജാനകീ!" എന്നു് ഉറക്കെ വിളിച്ചു. ആരു വിളികേൾക്കാൻ. ലങ്കയിൽ താമസിക്കുന്ന സീതയെ ദണ്ഡകാരണ്യത്തിലന്വേഷിച്ചാൽ എങ്ങനെ കണ്ടുകിട്ടുവാനാണു്. രാമൻ പരിഭ്രാന്തനായി പലതും പുലമ്പാനും ഭ്രാന്തനെപ്പോലെ നിലവിളിക്കാനും തുടങ്ങി. ലക്ഷ്മണൻ പല സമാധാനങ്ങളും പറഞ്ഞു. ആരു കേൾക്കുന്നു. രാമൻ ഭാര്യാവിരഹംകൊണ്ടു് അത്യന്തം ജഡചിത്തനായിപ്പോയി. അങ്ങനെ അവർ ഓരോ വനാന്തരത്തിലും നടന്നു സീതയെ അന്വേഷിച്ചു. ഒരു ഫലവുമില്ല. വീണ്ടും വഴിയിൽ കാണുന്ന വൃക്ഷങ്ങളോടും പക്ഷികളോടും മൃഗങ്ങളോടും സീതയെക്കണ്ടോ, സീതയെ കണ്ടോ എന്നു വിളിച്ചുചോദിച്ചുകൊണ്ടു് അവർ ശബരിമലയിൽ എത്തി. ആ പുണ്യപ്രദേശത്തു താമസിക്കുന്ന 'ശബരി' എന്ന താപസി രാമലക്ഷ്മണന്മാരെ സ്വീകരിച്ചു് പല സാന്ത്വനവാക്കുകളും പറഞ്ഞു് സമാശ്വസിപ്പിച്ചു് ആഹാരംകൊടുത്തു തൃപ്തരാക്കി. അവർ പിന്നെയും തെക്കോട്ടു നടന്നു സീതയെ അന്വേഷിച്ചുതുടങ്ങി. വഴിമദ്ധ്യേ കബന്ധനെന്ന മഹാസുരൻ അവരെ തടഞ്ഞുനിറുത്തി. രാമലക്ഷ്മണന്മാർ നൊടിയിടകൊണ്ടു കബന്ധനെ നിഗ്രഹിച്ചു് പമ്പാസരസ്സിൻെറ കരയിൽ ചെന്നുചേർന്നു. വഴിനടന്നു ക്ഷീണിക്കുകയാൽ അവർ പമ്പാതീരത്തിലിരുന്നു വിശ്രമിച്ചു.

അപ്പോൾ എവിടെനിന്നോ ഒരു ഗംഭീരപുരുഷൻ അവരുടെ മുമ്പിൽവന്നു് ആദരവോടെ ചോദിച്ചു: "മഹാ

തേജസ്സ്വികളായ നിങ്ങളാരാണ്? രണ്ടുപേരും ദുഃഖംകൊണ്ടു വാടിയിരിക്കുന്നതെന്തുകൊണ്ടു്?"

രാമൻ:—"അയോദ്ധ്യയിലെ ദശരഥൻെറ പുത്രന്മാരായ ഞങ്ങൾ അച്ഛൻെറ ആജ്ഞപ്രകാരം ദണ്ഡകവനത്തിലുള്ള പഞ്ചവടിയിൽ താമസിച്ചിരുന്നു. കൂടെ എൻെറ ഭാര്യയായ സീതാദേവിയുമുണ്ടായിരുന്നു. ഒരുദിവസം ആരോ വന്നു് ആ സാധ്വിയെ അപഹരിച്ചുകൊണ്ടുപോയി. ഞങ്ങൾ അവളെ അന്വേഷിച്ചു് നടന്നുനടന്നു് ഇവിടെ വന്നുചേൎന്നു. താങ്കൾ ആരാണു്? ഇവിടെ വരാനുണ്ടായ കാരണം?"

ആഗതൻ:—"ഞാൻ കിഷ്കിന്ധാധിപനായ സുഗ്രീവൻെറ മന്ത്രി ഹനുമാനാണു്. അസാന്മാൎഗ്ഗികനടപടികൊണ്ടു് രാജ്യഭ്രഷ്ടനായിരുന്ന ബാലി ഈയിടയ്ക്കു ബലമായി സിംഹാസനം കൈവശപ്പെടുത്തി. കൂടാതെ സഹോദരനായ സുഗ്രീവൻെറ പത്നിയേയും അദ്ദേഹം സ്വായത്തമാക്കി. അതിനെ എതിൎത്ത എന്നെയും മററു മൂന്നു സഹമന്ത്രിമാരേയും രാജാ സുഗ്രീവനെയും അദ്ദേഹം അടിച്ചു പുറത്താക്കി. ഞങ്ങളിപ്പോൾ (ദൂരെ ചൂണ്ടിക്കാണിച്ചുകൊണ്ടു്) ആ കാണുന്ന മാല്യവാൻപൎവ്വതത്തിൽ താമസിക്കുകയാണു്. നമുക്കങ്ങോട്ടു പോകാം."

രാമലക്ഷ്മണന്മാർ ഇതുകേട്ടു് സുസ്മേരവദനരായി എഴുന്നേററു് ഹനുമാൻെറകൂടെ മാല്യവാൻപൎവ്വതത്തിൽ ചെന്നു. സുഗ്രീവൻ അതിഥികളെ എതിരേററു സല്ക്കരിച്ചിരുത്തി. ഹനുമാൻ രാമലക്ഷ്മണന്മാരെ സുഗ്രീവനും മററു സഹമന്ത്രിമാൎക്കും പരിചയപ്പെടുത്തിക്കൊടുത്തു. അതുകേട്ടു് സുഗ്രീവൻ അത്ഭുതഭാവത്തോടെ രാമചന്ദ്രനെ നോക്കി അറിയിച്ചു: "വീരകുമാരാ! അങ്ങയെ കാണാൻ സാധിച്ചതു് എൻെറ പൂൎവ്വജന്മസുകൃതംകൊണ്ടാണു്.

ദശരഥമഹാരാജാവും ഞാനും വലിയ സ്നേഹിതരാണ്. അദ്ദേഹത്തിനിപ്പോൾ സുഖംതന്നെയല്ലേ?"

രാമൻ:—"അച്ഛൻമരിച്ചുപോയി. അനുജൻ ഭരതനാണ് ഇപ്പോൾ എനിക്കുവേണ്ടി രാജ്യം ഭരിക്കുന്നതു്."

സുഗ്രീവൻ:—"ഹരി! ഹരി! അവിടുത്തെ പിതാവിനു ഞാൻ ആത്മശാന്തി നേരുന്നു. ഇനി അങ്ങു ദുഃഖിക്കേണ്ട. സീതാദേവി ഏതുലോകത്തുണ്ടെങ്കിലും ഞാൻ കണ്ടുപിടിച്ചു കൊണ്ടുവരാം. എന്നാൽ അതിനുമുമ്പായി എനിക്കൊരു പ്രത്യുപകാരംചെയ്യണം. എൻെറ ജ്യേഷ്ഠനായ ബാലി കരബലംകൊണ്ട് അഹങ്കരിച്ച് പണ്ടു ബാണൻ എന്നപോലെ സാധുലോകത്തെ ഉപദ്രവിക്കുന്നു. താങ്കൾ അദ്ദേഹത്തെ നിഗ്രഹിച്ച് ഈ കിഷ്കിന്ധയെ രക്ഷിക്കണമെന്നു ഞാനപേക്ഷിക്കുന്നു."

രാമൻ:—"സുഗ്രീവാ! താങ്കളെപ്പററി അച്ഛൻ പറഞ്ഞു കേട്ടിട്ടുണ്ട്. സഹോദരഭാര്യയെ പരിഗ്രഹിക്കുകയും പ്രജകളെ സ്വന്തം ശക്തിയുടെ മുമ്പിൽ പരീക്ഷിക്കുകയും ചെയ്യുന്ന രാജാവ് ആരായിരുന്നാലും അവൻ വധിക്കപ്പെടേണ്ടതാണ്. ഇത്തരം ദുർമ്മാർഗ്ഗങ്ങളിൽ കൂടി സഞ്ചരിക്കുന്ന ബാലിയെക്കൊന്നു താങ്കളെ കിഷ്കിന്ധാധിപനായി അഭിഷേകംചെയ്യാമെന്നു ഞാനിതാ സത്യംചെയ്യുന്നു."

സുഗ്രീവൻ:—(സന്തോഷാധിക്യത്തോടെ) "രാമചന്ദ്രാ! ഞാൻ ധന്യനായി. ഈ രാജ്യവും അങ്ങുകാരണം ഭാഗ്യവതിയായിരിക്കുന്നു. സീതാദേവിയെപ്പററി എനിക്കൊരൂഹമുണ്ട്. ലങ്കയിലെ രാവണൻ ഈയിടയ്ക്ക് അനവധി സ്ത്രീരത്നങ്ങളെ അപഹരിച്ചുകൊണ്ടു പോകുന്നുണ്ട്. അവനൊരു വിമാനമുള്ളതിനാൽ ആർക്കും അവൻെറ സാഹസത്തെ തടയാൻ

പ്രയാസമായിരിക്കുന്നു. ഒരുപക്ഷെ സീതാദേവിയേയും അവൻതന്നെ ആയിരിക്കണം അപഹരിച്ചതു്. കുറച്ചുദിവസത്തിനുമുമ്പു് അവൻെറ വിമാനം ഈ പ്രദേശത്തുകൂടെ സഞ്ചരിക്കുന്നതു് ഞങ്ങൾ കണ്ടു. അതിനാൽ ആദ്യം ലങ്കയിലേയ്ക്കുതന്നെ ഞാൻ ആളെയയച്ചു് അന്വേഷിപ്പിക്കാം. സീതാദേവി ലങ്കയിലെന്നല്ല പാതാളത്തിൽതന്നെയായിരുന്നാലും കണ്ടുപിടിച്ചു കൊണ്ടുവരുന്നതിനു് എൻെറ മുഖ്യമന്ത്രിയായ ഹനുമാൻമാത്രം പോയാൽ മതിയാകും. ആ ചുമതല ഞാൻ ഏററിരിക്കുന്നതായി ഇതാ സത്യംചെയ്യുന്നു."

---

# 10. ബാലിവധം

പിറേറദിവസം പ്രഭാതത്തിൽ സുഗ്രീവൻ പോയി ബാലിയെ പോരിന്നു വിളിച്ചു. രാമൻ പോക്കളത്തിന്ന് സമീപമുള്ള ഒരു വലിയ വൃക്ഷത്തിൻെറ ചുവട്ടിൽ മറഞ്ഞുനിന്നു. സുഗ്രീവൻെറ പോരിന്നുവിളി കേട്ട് അതിബലവാനായ ബാലി ക്രുദ്ധനായി യുദ്ധത്തിന്നു പുറപ്പെട്ടു. രണ്ടുപേരും തമ്മിലേററ് ഭയങ്കരമായ സമരം തുടങ്ങി. അവരുടെ സമ്മിശ്രമായ യുദ്ധംമൂലം ബാലിയേയും സുഗ്രീവനേയും തിരിച്ചറിയാൻ പാടി ല്ലായിരുന്നു. തന്നിമിത്തം വൃക്ഷഷണ്ഡം മറഞ്ഞു നില്ക്കുന്ന രാമന്ന് യാതൊന്നും ചെയ്‌വാൻ സാധിച്ചില്ല. അതിനാൽ രണവീരനായ ബാലിയുടെ മുമ്പിൽനിന്നും സുഗ്രീവൻ പരാജിതനായി ഓടിപ്പോന്നു. ബാലി ജയ ഭേരി മുഴക്കിക്കൊണ്ടു് അന്തഃപുരത്തിലേയ്ക്കും പോയി.

തോറേറാടിവന്ന സുഗ്രീവൻ രാമചന്ദ്രനോട്ട് വളരെ പരിഭവം പറഞ്ഞു. അതുകേട്ട് രാമചന്ദ്രൻ ചിരിച്ചുകൊണ്ടാജ്ഞാപിച്ചു: "അടുത്തതവണ സുഗ്രീവൻ ഒരു മാലകൂടെ ധരിച്ചുകൊള്ളണം. അല്ലാതെ സമരം നടക്കുമ്പോൾ നിങ്ങളെ രണ്ടുപേരെയും തിരിച്ചറിയാൻ പ്രയാസം. ഇനി ഇന്നു പോകണമെന്നില്ല. നാളെ രാവിലെ ചെന്നു വിളിച്ചാൽ മതി."

രാമൻെറ ഉത്തരവനുസരിച്ച് ഒരു പുഷ്പഹാരവും അണിഞ്ഞുകൊണ്ടു് സുഗ്രീവൻ രണ്ടാമതും ചെന്നു ബാലി യെ പോരിന്നുവിളിച്ചു. ഇതുകേട്ട താരയോടുകൂടി വിഹരി ച്ചിരുന്ന ബാലി പെട്ടെന്നു യുദ്ധോദ്യുക്തനായപ്പോാം താര അദ്ദേഹത്തെ തടഞ്ഞുനിൎത്തിയിട്ട് പറഞ്ഞു: "പ്രിയതമാ! ഇന്നലെ തോറേറാടിയ സുഗ്രീവൻ ഇന്നു വീണ്ടും പോരിന്നു വിളിച്ചതിൽ കുറച്ചു ചിന്തിക്കേണ്ട കാൎയ്യമുണ്ടു്. അംഗ

ദൻെറ ചാരൻ പറഞ്ഞതോർമ്മനുണ്ടോ? അതു പരമാത്ഥമായിരിക്കും."

ബാലി:—"താരേ! ചാരൻെറ വത്തമാനം ശരിയോ തെറേറാ ആകട്ടെ. അവൻ പറഞ്ഞതുപോലെ ദശരഥകുമാരന്മാർ മാല്യവാൻപവ്വതത്തിൽ വന്നിട്ടുണ്ടായിരിക്കാം. സൂര്യ്യവംശജരായ അവർ ശത്രുവല്ലാത്ത എന്നെ ഉപദ്രവിക്കയില്ല."

താര:—"സൂര്യ്യകുലത്തിലുള്ളവക്ക് അങ്ങു ശത്രുവാകണമെന്നില്ല. അവർ ആശ്രിതവാത്സല്യം നിറഞ്ഞവരാണു്. അങ്ങ് എന്തിനു സുഗ്രീവൻെറ ഭാൎയ്യയെ അവമാനിച്ചു. അതൊരു വലിയ കുററമല്ലേ? ദശരഥൻെറ മക്കൾ ഇതറിഞ്ഞാൽ സഹിക്കുന്നവരല്ല. അതുകൊണ്ടു് ഇനി യുദ്ധത്തിനൊരുങ്ങാതെ സുഗ്രീവനുമായി സൌഹാർദ്ദത്തിൽ കഴിയുകയാണു് നല്ലതു്."

ബാലി:—"ഛെ! ഛെ! അവനുമായി ഇനി ഞാൻ സ്നേഹിക്കുകയോ? അതിനു് ഈ ബാലി രണ്ടാംജന്മമെടുക്കണം. നീ നോക്കിനിന്നു കണ്ടുകൊൾക. സുഗ്രീവനെയും അവൻെറ സഹായികളെയും ഒരുമാത്ര കൊണ്ടു ഞാൻ യമപുരം കാണിച്ചേക്കാം."

ഇത്രയും പറഞ്ഞുകഴിഞ്ഞു് ബാലി തൻെറ ഗദയുമെടുത്തുകൊണ്ടു് യുദ്ധക്കളത്തിലേയ്ക്കോടി.

ബാലിസുഗ്രീവന്മാരുടെ യുദ്ധം വീണ്ടും ആരംഭിച്ചു. ബാലിയുടെ ഗദാപ്രഹരമേററു പരവശനായ സുഗ്രീവൻ നിലംപതിക്കുമെന്ന ദിക്കായി. ഈ തക്കം നോക്കി വൃക്ഷത്തിൻെറ മറവിൽ നിന്ന രാമൻ ബാലിയുടെ നേക്ക് ഒരമ്പെയ്തു. രാമബാണമേററു് ബാലി അലറിക്കൊണ്ടു നിലംപതിച്ചു. സുഗ്രീവൻ ജയഘോഷം മുഴക്കി. തൽക്ഷണം രാമചന്ദ്രനും ലക്ഷ്മണനും ഹനുമാൻ തുടങ്ങിയ മന്ത്രിമാരും യുദ്ധക്കളത്തിൽ പ്രത്യക്ഷരായി. രാമചന്ദ്രനെ കണ്ടയുടനെ ബാലി വേദനയോടെ പറഞ്ഞു:

"ഹേ! രാഘവാ! അങ്ങ് സൂര്യവംശത്തിലെ അലങ്കാരമല്ലേ? ഒളിയമ്പെയ്ത് എന്നെ വധിക്കുവാനുള്ള ന്യായം ഏതു വേദത്തിലാണ് അങ്ങു പഠിച്ചത്? സീതയുടെകൂടെ ധർമ്മചിന്തകളും ജീവകാരുണ്യവും അങ്ങയ്ക്കു നഷ്ടമായോ?"

ഇതുകേട്ടു ലക്ഷ്മണൻ മുമ്പോട്ടുനീങ്ങിനിന്നു പറഞ്ഞു: "രാജധർമ്മം ദുഷ്ടനിഗ്രഹവും ശിഷ്ടജനപാലനവുമാണ്. സഹോദരപത്നിയെ പുത്രിയെന്നു വിചാരിക്കാതെ പരിഗ്രഹിച്ച നീ വധ്യനിലും വധ്യനാകുന്നു. നീചനിലും നീചനാകുന്നു."

രാമൻ—"ബാലീ! ലക്ഷ്മണൻ പറഞ്ഞതു മനസ്സിലായല്ലോ. ഞാൻ യാതൊരധർമ്മവും കാട്ടിയില്ല. പിന്നെ ഒളിയമ്പെയ്തതു രാജധർമ്മമല്ലെങ്കിലും നിന്നെ സംബന്ധിച്ചിടത്തോളം അതിൽ തെററില്ല. കാരണം ഞാൻ നേരിട്ടുവന്നു നിന്നോടു യുദ്ധം ചെയ്താൽ നീ ഓടിക്കളയും. പരാജിതനെ പിൻതുടൎന്നു വധിക്കുക മഹാപരാധമാണ്. ഇതുകൊണ്ടത്രെ നിന്നെ ഒളിച്ചുനിന്നു നിഗ്രഹിക്കാൻ ഞാൻ നിർബ്ബന്ധിതനായതു്."

പിന്നെ ബാലിക്കു മറുപടിയൊന്നും പറയാനുണ്ടായിരുന്നില്ല. അദ്ദേഹം വളരെ താമസിയാതെതന്നെ പരലോകം പ്രാപിച്ചു. അനന്തരം സുഗ്രീവൻെറ മേൽനോട്ടത്തിൽ ബാലിയുടെ ശേഷക്രിയകൾ ഭംഗിയായി നടന്നു.

അതെല്ലാം കഴിഞ്ഞു് രാമചന്ദ്രൻെറ അനുവാദപ്രകാരം ലക്ഷ്മണൻ സുഗ്രീവനെ കിഷ്കിന്ധാരാജാവായി വാഴിക്കുകയും ഹനുമാൻെറ നേതൃത്വത്തിൽ പുതിയ ഒരു മന്ത്രിസഭ രൂപീകരിക്കുകയും ചെയ്തു. മന്ത്രിസഭയിൽ അംഗദനു് ഒരു പ്രത്യേകസ്ഥാനംതന്നെ കൊടുക്കുവാൻ ലക്ഷ്മണൻ ശുപാൎശചെയ്തു. അങ്ങനെ വളരെക്കാലമായി അന്തഃഛിദ്രംകൊണ്ടു് കുഴഞ്ഞുമറിഞ്ഞു കിടന്ന കിഷ്കിന്ധാരാജസഭ രാജ്യതന്ത്രജ്ഞരായ ഉദ്യോഗസ്ഥന്മാരുടെയും സുഗ്രീവരാജാവിൻെറയും സമ്പർക്കത്താൽ സനാഥമായി.

# 11. സീതാന്വേഷണം

അനന്തരം സീതാദേവിയെ കണ്ടുപിടിക്കുന്നതിനെക്കുറിച്ച് കിഷ്കിന്ധാമന്ത്രിസഭ തീവ്രമായ ആലോചനയിലേർപ്പെട്ടു. അതിൻെറ ഫലമായി പ്രധാനമന്ത്രിയായ ഹനുമാൻെറയും സർവ്വസൈന്യാധിപനായ ജാംബവാൻെറയും മേൽനോട്ടത്തിൽ ഒരു സംഘം രൂപീകൃതമായി. അവർ ആദ്യത്തെ അന്വേഷണം ലങ്കാരാജ്യത്തിൽതന്നെ നടക്കട്ടെയെന്നു തീർച്ചയാക്കി. രാമചന്ദ്രൻ, സീതാദേവിയെ കണ്ടാൽ അടയാളം കാണിക്കുന്നതിനായി തൻെറ മുദ്രാംഗുലീയകം ഹനുമാനെ ഏല്പിച്ചു. പിന്നെ ഒട്ടുംതന്നെ താമസിയാതെ ആ അന്വേഷണസംഘം പുറപ്പെട്ടു. തെക്കുകിഴക്കേ സമുദ്രതീരത്തിലുള്ള മഹേന്ദ്രാചലത്തിലെത്തിച്ചേർന്നു. അവിടുന്നു് ലങ്കയിലേയ്ക്കു് സമുദ്രമാർഗ്ഗം നൂറു യോജനവഴിയുണ്ടു്. അക്കാലത്തു് സമുദ്രസഞ്ചാരയോഗ്യങ്ങളായ കപ്പലുകളൊന്നും ഇല്ലായിരുന്നു. പിന്നെ ഉണ്ടായിരുന്നതു് ഏതാനും വിമാനങ്ങളായിരുന്നു. അതാകട്ടെ രാവണൻ, കുബേരൻ മുതലായ ചില വലിയ രാജാക്കന്മാർക്കുമാത്രമായിരുന്നുതാനും.

മഹേന്ദ്രപർവ്വതത്തിലെത്തിയ അന്വേഷണസംഘം സമുദ്രതരണത്തിനു മാർഗ്ഗമില്ലാതെ വിഷമിച്ചു. എന്നാൽ അക്കൂട്ടത്തിൽ മുമ്പനായ ഹനുമാൻ ഇന്ദ്രജാലവിദ്യകളും ഹഠയോഗവിദ്യകളും പഠിച്ചിരുന്നു. ഹഠയോഗവിദ്യയിൽ വിശാരദനായ ആൾക്കു് ആഹാരംകൂടാതെ ജീവിക്കുന്നതിനും, വായുവിൽ ഇഷ്ടംപോലെ സഞ്ചരിക്കുന്നതിനും പ്രയാസമില്ല. ഹനുമാൻ ഇപ്രകാരമെല്ലാം പ്രവർത്തിക്കുന്നതിൽ മിടുക്കനാണെന്നു സർവ്വസൈന്യാധിപനായ ജാംബവാനു് അറിയാമായിരുന്നു. അദ്ദേഹം സന്തോഷചിത്തനായി ഹനുമാനെ തൊഴുതുകൊണ്ടു പറഞ്ഞു: "മന്ത്രിപുംഗ

വാ! ഈ സമുദ്രതരണത്തിന്ന് എല്ലാ പ്രകാരത്തിലും യോഗ്യൻ താങ്കൾ മാത്രമാകുന്നു. അതിനാൽ ഇനി ഒട്ടും താമസിയാതെ അങ്ങ് ലങ്കയിലേയ്ക്കു പുറപ്പെടുക."

ജാംബവാൻെറ അഭിപ്രായം മററു സംഘാംഗങ്ങളും പിൻതാങ്ങി. ഹനുമാൻ ഉടൻതന്നെ തൻെറ മായാജാലവിദ്യകൊണ്ടു് ഒരു ചെറിയ കുരങ്ങിൻെറ രൂപംപ്രാപിച്ചു് ഹഠയോഗശക്തികൊണ്ടു് വായുവിൽക്കൂടി ലങ്കയിലേയ്ക്കൊഴുകിപ്പോയി. ഈ അത്ഭുതകൃത്യം കണ്ടു് ജാംബവാനൊഴിച്ചു് ബാക്കിയെല്ലാവരും അതിശയിച്ചുനിന്നുപോയി.

വാനരാകാരംപൂണ്ട ഹനുമാൻ ലങ്കാരാജ്യത്തിലെത്തി അവിടത്തെ പ്രകൃതിസുന്ദരമായ ഓരോ സ്ഥലവും സന്ദർശിച്ചുകൊണ്ടു് സീതാദേവിയിരിക്കുന്ന അശോകവനത്തിലുള്ള ഒരു വൃക്ഷത്തിൽ ചെന്നുചേൻ്റു. ആ മരച്ചുവട്ടിൽ പട്ടുപോലെ പുഷ്പങ്ങൾ നിറഞ്ഞ നിലത്തു് സുന്ദരിയായ ഒരു സ്ത്രീയിരിക്കുന്നതു് ഹനുമാൻ കണ്ടു. എന്നാൽ അതു് താനന്വേഷിച്ചുവന്ന സീതാദേവിയാണെന്നു ഹനുമാൻ ശങ്കിച്ചില്ല. അങ്ങനെയിരിക്കുമ്പോൾ രാവണമഹാരാജാവിനു സേവിളിച്ചുകൊണ്ടുള്ള ഒരു ഘോഷയാത്ര വരുന്നതും അതിൻെറ മുമ്പിൽ രാവണൻ ശൃംഗാരക്കുഴമ്പനായി നടക്കുന്നതും നോക്കിക്കണ്ടു് ഹനുമാൻ അതിൽ ദത്തശ്രദ്ധനായിരുന്നു. അല്പസമയത്തിനുള്ളിൽ ആ ഘോഷയാത്ര അദ്ദേഹത്തിൻെറ ഇരിപ്പിടത്തിനു താഴെ കണ്ട വനിതാരത്നത്തിൻെറ അടുക്കൽ എത്തി. രാവണനെ കണ്ടപ്പോൾ ആ സ്ത്രീ മറുപുറം തിരിഞ്ഞിരുന്നുകളഞ്ഞു. ഉടനെ രാവണൻ "സീതേ! നീയെന്തിന്നിങ്ങനെ പട്ടിണികിടന്നു വലയുന്നു. എന്നെങ്കിലും നീ എനിക്കു് കീഴ്‌വഴങ്ങേണ്ടവളാണു്. ഇനിയും നീ മനുഷ്യാധമനായ രാമനെ പ്രതീക്ഷിച്ചു് ദുഃഖിക്കണമെന്നില്ല" എന്നു പറഞ്ഞു.

സീതാദേവി: —(കോപംകൊണ്ടുവിറച്ച്) "ദ്രോഹീ! അദ്ദേഹത്തെ മനുഷ്യാധമനെന്നു വിളിച്ച നിൻെറ നാവ് അററുപോകട്ടെ. ഞാൻ പലതവണയും നിന്നോടു പറഞ്ഞില്ലേ, ഒന്നുകിൽ എന്നെ കൊല്ലുക, അല്ലെങ്കിൽ നിരുപാധികം വിട്ടയയ്ക്കുക എന്ന്. ഇതല്ലാതെ നിന്നെക്കൊണ്ട് എന്നെയൊന്നും ചെയ്‌വാൻ സ്സാധ്യമല്ല."

രാവണൻ: —"സീതേ! ബഹുമാനസൂചകമല്ലാത്ത നിൻെറ ജല്പനങ്ങൾ എൻെറ ക്ഷമയെ അറുത്തുകളയുന്നു. ഇതാ ഞാനവസാനമായി ചോദിക്കുന്നു. ഈ നിമിഷംമുതൽ നീ ആ രാമൻെറ ചിന്ത വിട്ട് എൻെറ ഭാര്യയായിക്കൊള്ളുക. അല്ലെങ്കിൽ മരിക്കാനൊരുങ്ങുക; ഉം."

ഇതുകേട്ട് സീത ഒരു പുൽക്കൊടിയെടുത്തു രാവണൻെറ മുമ്പിൽ എറിഞ്ഞുകൊണ്ടു പറഞ്ഞു: "ഫ്! ഫ്! ഫ്! നിന്നെ ഞാൻ ഈ പുല്ലുപോലെയാണു ബഹുമാനിക്കുന്നതു്. ഇതാ ഞാൻ പൂൎണ്ണമായും സമ്മതിക്കുന്നു. ഉടനെ ആ ഗദകൊണ്ടടിച്ച് എന്നെ കൊന്നുകൊള്ളുക."

ഇതുകേട്ടു രാവണൻ എന്തുചെയ്യേണ്ടു എന്നറിയാതെ ഇളിഭ്യനായി കുറച്ചുനേരം നിന്നിട്ടു സീതയോടു പറഞ്ഞു: "എടീ! സാധുപ്പെണ്ണേ! നിന്നെ ഞാൻ കൊല്ലുമെന്നു നീ തെററിദ്ധരിച്ചു. കഷ്ടം! ഇല്ല. നിന്നെ കൊല്ലാതെ തന്നെ ഞാൻ എൻെറ പട്ടമഹിഷിയാക്കും. നീ ഓൎത്തുകൊൾക."

അതിനുശേഷം രാവണൻ സപരിവാരം തൻെറ അന്തഃപുരത്തിലേക്കു മടങ്ങിപ്പോയി.

രാവണൻെറ ഒടുവിലത്തെ വാക്യംകേട്ട് സീത വല്ലാതെ പരിഭ്രമിച്ചു. അവൻ ബലാൽക്കാരംചെയ്താൽ സീതയ്ക്കതിനെ എതിർക്കുവാൻ കൊല്ലുണ്ടോ? എന്തു ചെയ്യേ

ണ്ടു എന്നറിയാതെ ആ ശീലവതി വളരെനേരം ആലോചിച്ചു. ഒടുവിൽ പ്രാണത്യാഗംചെയ്‌വാൻതന്നെ തീൎച്ചപ്പെടുത്തി. തൻെറ ഉത്തരീയം അടുത്തുനില്ക്കുന്ന മരക്കൊമ്പിൽ കെട്ടുവാൻ എഴുന്നേററു. ഈ സംഭവങ്ങളെല്ലാം കണ്ടുകൊണ്ടു മേൽക്കൊമ്പിൽ ഇരുന്ന ഹനുമാൻ കുരങ്ങിൻെറ രൂപത്തിൽതന്നെ സീതയുടെ മുമ്പിൽ ചാടിവീണു. ഇതുകണ്ടു സീതാദേവി ഭയന്നു പുറകോട്ടു മാറിയപ്പോൾ ഹനുമാൻ തൊഴുതുകൊണ്ടറിയിച്ചു: "അമ്മേ! ഭഗവതീ! ഭയപ്പെടേണ്ടാ. ഞാൻ രാമദൂതനാണു്."

സീത:—(അത്ഭുതവും സംശയവും കലൎന്ന ഭാവത്തിൽ) "എന്തു്? രാമദൂതനോ? അതോ രാവണൻെറ മായാപ്രയോഗമോ?"

ഹനുമാൻ:—"ജനകാത്മജേ! ഞാൻ രാക്ഷസൻെറ മായാവിദ്യയൊന്നുമല്ല. ദേവിയെ കാണാഞ്ഞുയാൽ ദുഃഖസാഗരത്തിൽ നിമഗ്നരായ രാമലക്ഷ്മണന്മാർ അലഞ്ഞുതിരിഞ്ഞു് കിഷ്കിന്ധാരാജ്യത്തിൽ വന്നുചേൎന്നു. അവിടെവെച്ചു് കിഷ്കിന്ധാരാജാവായ സുഗ്രീവനുമായി അവർ സഖ്യംചെയ്തു് രാജ്യദ്രോഹിയായ ബാലിയെ രാമചന്ദ്രൻ നിഗ്രഹിച്ചു. അതിനു പ്രത്യുപകാരമായി സീതാദേവിയെ അന്വേഷിച്ചു കണ്ടുപിടിക്കുവാൻ സുഗ്രീവൻ എന്നെയും മററു ചിലരെയും നിയമിച്ചു. ഞാൻ അവരുടെ നേതാവും കിഷ്കിന്ധയിലെ പ്രധാനമന്ത്രിയുമായ ഹനുമാനാണു്. രാമചന്ദ്രൻ അദ്ദേഹത്തിൻെറ അംഗുലീയം ദേവിയെ കാണിക്കുന്നതിനായി എൻെറ കയ്യിൽ തന്നയച്ചിട്ടുണ്ടു്. ഇതാ ആ ദിവ്യാഭരണം."

എന്നുപറഞ്ഞു് രാമൻെറ മുദ്രമോതിരമെടുത്തു സീതാദേവിയുടെ കയ്യിൽ കൊടുക്കുകയും തൻെറ യഥാൎത്ഥരൂപം അവരെ കാണിച്ചുകൊടുക്കുകയും ചെയ്തു.

ജാനകി പ്രാണേശ്വരൻെറ അംഗുലീയകം വാങ്ങി, പലവുരു ചുംബിക്കുകയും കണ്ണിൽവച്ച് ആശ്വസിക്കുകയുംചെയ്തു. അനന്തരം തൻെറ ചൂഡാരത്നമെടുത്ത് ഹനുമാൻെറ കയ്യിൽ കൊടുത്തിട്ട് ഇപ്രകാരം അരുളിച്ചെയ്തു.

സീതാദേവി:—"ആഞ്ജനേയാ! അങ്ങയുടെ ദർശനമുണ്ടായിരുന്നില്ലെങ്കിൽ ഞാനിപ്പോഠം കാലപുരത്തിലെത്തിക്കഴിഞ്ഞേനെ. താങ്കഠം ഉടനെ ചെന്ന് ഈ ചൂഡാരത്നം ആര്യപുത്രൻെറ കയ്യിൽ കൊടുത്തു് വളരെ വേഗം വന്ന് എന്നെ വീണ്ടെടുക്കുവാൻ പറയുക. അല്ലെങ്കിൽ രാവണൻെറ കാമാഗ്നിയിൽ വീണു ഞാൻ ചാമ്പലായിപ്പോകും."

ഹനുമാൻ:—"ദേവീ! ധൈര്യമായിരിക്കണേ! ഈ രാവണൻ വെറും ഭീരുവാണ്. ഞാൻ വേണമെങ്കിൽ അവനെ ഇപ്പോഠംതന്നെ കൊല്ലാമായിരുന്നു. അതു് രാമചന്ദ്രൻെറ അന്തസ്സിന് അല്പം പോരാത്തതാകും. അതുകൊണ്ടു ഞാൻ ദേവിയെക്കണ്ട വിവരം കിഷ്കിന്ധയിൽ ചെന്ന് അദ്ദേഹത്തെ അറിയിച്ചാലുടൻ ഞങ്ങഠം പുറപ്പെട്ടുവന്ന് രാവണനെ നല്ലപാഠം പഠിപ്പിക്കുകയും ദേവിയെ വീണ്ടെടുക്കുകയും ചെയ്യാം. എന്നാൽ ഞാൻ പോകട്ടെ!"

അനന്തരം അദ്ദേഹം പഴയതുപോലെ ഒരു കുരങ്ങിൻെറ രൂപം ധരിച്ച് വൃക്ഷങ്ങളിൽ ചാടിച്ചാടി സഞ്ചരിച്ചുതുടങ്ങി.

---

# 12. ലങ്കാദഹനം

ഹനുമാൻ താൻ വന്ന വിവരം രാക്ഷസന്മാരെ അറിയിക്കാതെ പോകുന്നതു് ഒരു കുറവാണെന്നു വിചാരിച്ചു് തൻെറ ശരീരം വികസിപ്പിച്ചു് ഭീമാകാരമുള്ള ഒരു വാനരവീരനായി. ലങ്കയിലെ പ്രധാനപ്പെട്ട ഉദ്യാനങ്ങൾ തകൎത്തു പൊടിച്ചുതുടങ്ങി. ഈ അത്യാഹിതം കണ്ടു് ഓടിച്ചെന്ന രാക്ഷസന്മാരെയെല്ലാം ഹനുമാൻ കൈകൊണ്ടിടിച്ചു് ചമ്മന്തിപ്രായമാക്കി കാലപുരത്തിനയച്ചു. അക്കൂട്ടത്തിൽ രാവണൻെറ ഇളയ മകനായ അക്ഷകുമാരനും ചില സേനാനായകന്മാരും ഉൾപ്പെട്ടിരുന്നു. ഈ സംഭവംകേട്ടു ദുഃഖിതനായ രാവണൻ തൻെറ കനിഷ്ഠപുത്രനായ ഇന്ദ്രജിത്തിനെ വിളിച്ചു് ആ കിഴട്ടു കുരങ്ങിനെ ഉടൻ പിടിച്ചുകെട്ടിക്കൊണ്ടുവരണം എന്നാജ്ഞാപിച്ചു. വീരാഗ്രഗണ്യനായ ഇന്ദ്രജിത്തു് ബ്രഹ്മാസ്ത്രംകൊണ്ടു ഹനുമാൻകുരങ്ങിനെ പിടിച്ചുകെട്ടി രാവണൻെറ സന്നിധാനത്തിൽ കൊണ്ടുവന്നു. ആ അത്ഭുതജന്തുവിനെ കാണുന്നതിനു് രാവണസഹോദരനായ വിഭീഷണനും മററു് അന്തഃപുരജനങ്ങളും ഉദ്യോഗസ്ഥന്മാരും അവിടെ ഓടിക്കൂടി. രാവണൻ തൻെറ മുമ്പിൽ ബന്ധിക്കപ്പെട്ടു നിൽക്കുന്ന മഹാവാനരത്തെ നോക്കി ഗൗരവപൂൎവ്വം ചോദിച്ചു: "എടാ! മരഞ്ചാടീ! നീ എങ്ങനെ ഈ രാജ്യത്തിൽ വന്നു? എൻെറ ഉദ്യാനങ്ങൾ തകൎത്തു് അക്ഷയകുമാരനെയും മററും കൊന്നുകളഞ്ഞ നീ തീൎച്ചയായും ഉടൻ മരിക്കേണ്ടിയിരിക്കുന്നു."

ഹനുമാൻ:—"എടാ! രാവണാ! നീ അത്രമാത്രം അഹങ്കരിക്കേണ്ടാ. ഞാനിപ്പോൾ ബന്ധനസ്ഥനായിനില്ക്കുന്നതുകൊണ്ടാണു നീ വീരഗൎജ്ജനം മുഴക്കുന്നതു്; അല്ലേ? നിൻെറ മകൻ ഇന്ദ്രജിത്തു പോയിട്ടു്

അവൻെറ വലിയവൻ വന്നാലും എന്നെ ബന്ധിക്കുവാൻ സാധിക്കുകയില്ല. പിന്നെ നിന്നെയൊന്നു നേരിട്ടു കാണുവാൻവേണ്ടി ഞാൻ ഇങ്ങനെ മനഃപൂർവ്വം ബന്ധനസ്ഥനായതാണു്. ഇതാ എൻെറ സാമർത്ഥ്യം വേണമെങ്കിൽ കണ്ടുകൊള്ളുക."

എന്നുപറഞ്ഞിട്ടു് അദ്ദേഹം ഒന്നുകൂടി വർണ്ണിക്കുകയും നാഗാസ്ത്രപാശം കഷണംകഷണമായി മുറിഞ്ഞുപോകുകയും ചെയ്തു. ഉടനെ തൻെറ വാൽ നീട്ടിവളച്ചു് അതുകൊണ്ടു് ഉയർന്ന ഒരാസനം ഉണ്ടാക്കി അദ്ദേഹം അതിൻെറ മീതേ കയറിയിരുന്നു. ഇതെല്ലാം കണ്ടു രാവണാദികൾ പേടിച്ചു വിറച്ചുപോയി. അനന്തരം ഹനുമാൻ രാവണനെനോക്കി ഹാസ്യപൂർവ്വം പറഞ്ഞു: "എടാ! പെൺകൊതിയാ! ഞാനാരാണെന്നു് നിനക്കറിയണ്ടേ? പണ്ടു നിന്നെ മലമൂത്രം സേവിപ്പിച്ച ബാലിയെ മറന്നിട്ടില്ലല്ലോ? അദ്ദേഹത്തിൻെറ അനുജനും കിഷ്കിന്ധയിലെ ഇപ്പോഴത്തെ രാജാവുമായ സുഗ്രീവൻെറ പ്രധാനമന്ത്രി ഹനുമാനാണു ഞാൻ. കൂടാതെ അയോദ്ധ്യാധിപനും, നിൻെറ ജന്മശത്രുവായ ബാലിയെ ഒരമ്പുകൊണ്ടു നിഗ്രഹിച്ച വീരപുരുഷനുമായ രാമചന്ദ്രൻെറ തല്ക്കാലദൂതൻകൂടിയാണു്."

ഇത്രയും കേട്ടപ്പോൾ രാവണനു കാര്യം മനസ്സിലായി. അദ്ദേഹം രുധിരനേത്രനായി ചന്ദ്രഹാസമിളക്കിക്കൊണ്ടു് ചാടിയെഴുന്നേററു് ഹനുമാൻെറ നേരെയടുത്തു. ഉടനെ വിഭീഷണൻ അദ്ദേഹത്തിൻെറ കൈയ്യും കടന്നുപിടിച്ചുകൊണ്ടപേക്ഷിച്ചു: "ജ്യേഷ്ഠാ! അരുതു്. ദൂതനെ വധിക്കുന്നതു് രാജനീതിക്കു വിരുദ്ധമാണു്. അതുകൊണ്ടു് ഈ കുരങ്ങിൻെറ വാലിൽ തുണിചുററി എണ്ണയൊഴിച്ചു് തീകൊളുത്തി വിട്ടുകളയാം."

വിഭീഷണൻെറ അഭിപ്രായത്തെ രാവണനും ഇന്ദ്രജിത്തും മററും അനുകൂലിച്ചു. അപ്രകാരംതന്നെ ഹനുമാൻെറ നീണ്ട വാലിൽ തുണിചുററി എണ്ണയൊഴിച്ചു തീ കൊളുത്തി. ഹനുമാനാകട്ടെ ആ പ്രവൃത്തിയിൽ അത്യന്തം സന്തോഷിച്ചു് അഗ്നി കാളിക്കത്തുന്ന വാലിൻെറ പുച്ഛം ആദ്യംതന്നെ രാവണൻെറ മുഖത്തുഴിഞ്ഞു. പാവം രാവണൻെറ കൊമ്പൻമീശ കരിഞ്ഞുപോയി. അനന്തരം ഹനുമാൻ ലങ്കാനഗരത്തിലുള്ള സകല കൊട്ടാരങ്ങളിലും, സീതാദേവിയുടെ ഇരിപ്പിടമായഅശോകവനികയൊഴിച്ചു ബാക്കിയുള്ള എല്ലാ ഉദ്യാനങ്ങളിലും ഓടിനടന്നു സർവ്വത്ര തീകൊളുത്തിത്തുടങ്ങി. രാക്ഷസന്മാർ നാലുപാടും ഓട്ടമായി. അങ്ങനെ രാവണൻെറ രാജധാനി മുഴവൻ അഗ്നിയിൽ വെന്തുനീറിത്തുടങ്ങിയപ്പോൾ ഹനുമാൻ സമുദ്രത്തിൽ ചാടി വാലിലെ തീ കെടുത്തിക്കഴിഞ്ഞു് ജാംബവദാദികളിരിക്കുന്ന മഹേന്ദ്രപർവ്വതത്തിലേയ്ക്കു തിരിച്ചുവന്നു് സ്വരൂപം ധരിച്ചു് ലങ്കാനഗരിയിലുണ്ടായ വിശേഷമെല്ലാം കൂട്ടുകാരെ അറിയിച്ചു. അവർ ഹനുമാനെ പൊക്കിയെടുത്തു ജേവിളിച്ചു പുകഴ്ത്തിക്കൊണ്ടു് നേരെ കിഷ്കിന്ധയിലെത്തി രാമലക്ഷ്മണന്മാരെക്കണ്ടു വന്ദിച്ചു് സംഭവങ്ങൾ വിശദീകരിച്ചു. അനന്തരം ഹനുമാൻ സീതാദേവിയുടെ ചൂഡാരത്നം രാമൻെറ തൃക്കയ്യിൽ സമർപ്പിച്ചു. ചൂഡാരത്നം കണ്ടു സന്തോഷാധിക്യത്താൽ രാമൻ കണ്ണുനീർവാർത്തുകൊണ്ടു് ഹനുമാനെ വളരെവളരെ അഭിനന്ദിച്ചു.

# 13. രാവണവധം

അതിൽപിന്നെ ഒട്ടും താമസിയാതെ രാമലക്ഷ്മണന്മാർ, സുഗ്രീവൻ ഹനുമാൻ തുടങ്ങിയ വീരന്മാരോടുകൂടി കിഷ്കിന്ധയിലെ ശക്തിപ്പെട്ട സർവ്വസൈന്യങ്ങളെയും യുദ്ധസന്നദ്ധമാക്കിക്കൊണ്ടു് ലങ്കാരാജ്യത്തേയ്ക്കുപുറപ്പെട്ടു. ആ മഹാപ്രസ്ഥാനം കാടും മലകളുമിളക്കി ഉത്സാഹത്തോടെ ദക്ഷിണസമുദ്രത്തിന്റെ ഉത്തരതീരത്തെ പ്രാപിച്ചു. അനന്തരം അവിടുന്നു ലങ്കവരെയും നീളത്തിൽ നൂറുയോജന നീളവും ഇരുപതുയോജന വീതിയുമുള്ള ഒരു ചിറ സുഗ്രീവസൈന്യങ്ങൾ നിഷ്പ്രയാസം കെട്ടിയുണ്ടാക്കി. അതിൽക്കൂടി എല്ലാവരും ലങ്കയിൽ പ്രവേശിച്ചു് രാജധാനിയുടെ ഗോപുരദ്വാരത്തിനടുത്തുള്ള വിസ്തൃതമായ പടക്കളത്തിലെത്തി ജയഘോഷം മുഴക്കി.

ഈ സംഭവംകൊണ്ടു ലങ്കാപുരം മുഴുവൻ ഇളകിവശായി. പൗരന്മാരും മററും പർവ്വതത്തിൽപോയി അഭയം പ്രാപിച്ചുതുടങ്ങി. രാവണന്റെ സഹോദരനും സൽഗുണസമ്പന്നനുമായ വിഭീഷണനാകട്ടെ, തന്റെ രാജ്യത്തിനുനേരിട്ട വിപത്തൊന്നുമറിയാതെ മദ്യപിച്ചു ഭാര്യമാരുമായി വിഹരിക്കുന്ന രാവണന്റെ സമീപത്തിലോടിച്ചെന്നു് ഇങ്ങനെ അറിയിച്ചു.

വിഭീഷണൻ—"ജ്യേഷ്ഠാ! ലങ്കാരാജ്യം ആപത്തിൽ കുടുങ്ങിയിരിക്കുന്നു. അങ്ങു് അപഹരിച്ചുകൊണ്ടുവന്നിട്ടുള്ള സീതാദേവിയുടെ ഭർത്താവായ രാമചന്ദ്രനും അനുജൻ ലക്ഷ്മണനും കിഷ്കിന്ധാരാജാവായ സുഗ്രീവന്റെ സഹായത്തോടെ യുദ്ധസന്നദ്ധരായി എത്തിയിട്ടുണ്ടു്. നമ്മുടെ സൈന്യത്തിന്റെ പത്തിരട്ടിയിലധികമുള്ള മഹാവീരന്മാരാണു് അവരുടെ മഹാപ്രസ്ഥാനത്തിലുള്ളതു്. സമുദ്രത്തിൽ ചിറ

പിടിച്ചിട്ടാണത്രേ അവർ ലങ്കയിൽ പ്രവേശിച്ചതു്. അതിനാൽ അങ്ങു് ദയവുചെയ്തു് സീതാദേവിയെ ഇപ്പോഠംതന്നെ കൊണ്ടുചെന്നു് രാമപാദാന്തികത്തിൽവച്ചു് അദ്ദേഹത്തിൻെറ സ്നേഹം സമ്പാദിക്കണം."

ഇതുകേട്ടു രാവണൻ അലറിക്കൊണ്ടു വിഭീഷണനോടു പറഞ്ഞു: "എടാ! രാജദ്രോഹി! നീ ഇപ്പോഠം മുതൽ എൻെറ അനുജനല്ല. രാക്ഷസരാജാവായ രാവണൻ ഒരു മനുഷ്യജന്തുകത്തെ ശരണം പ്രാപിക്കണമെന്നോ? ഛീ! ഇനി നീ ഈ രാജ്യത്തിരിക്കരുതു്. ഉടൻ പൊയ്ക്കൊള്ളുക. അല്ലെങ്കിൽ നിൻെറ ആ വീരയോദ്ധാക്കളുടെ കൂടെപ്പോയി ചേൻകൊള്ളുക. ഉം! അല്ലെങ്കിൽ ആദ്യം നിൻെറ കഥ ഞാൻ കഴിച്ചുകളയും."

വിഭീഷണൻ അഗ്രജൻെറ വാക്കുകഠം കേട്ടു് തിങ്ങിനിറഞ്ഞ വ്യസനഭാരത്തോടെ മിഴിച്ചുനിന്നു. പിന്നെ ഒരു മാത്രപോലും താമസിക്കാതെ അദ്ദേഹം ഓടിപ്പോയി രാമചന്ദ്രൻെറ കാൽക്കൽവീണു് അഭയംയാചിച്ചു. രാഘവൻ അദ്ദേഹത്തെ നിരുപാധികം സ്വീകരിച്ചു് തൻെറ സ്നേഹിതനാക്കുക മാത്രമല്ല, ലങ്കാധിപനായി അപ്പോഠം തന്നെ പ്രഖ്യാപിക്കുകയുംചെയ്തു.

അനന്തരം വിഭീഷണൻെറ നിർദ്ദേശപ്രകാരം സുഗ്രീവസൈന്യങ്ങഠം രാവണൻെറ കോട്ട വളഞ്ഞു് നാലു ഗോപുരവാതിൽക്കലുംകൂടി അകത്തു പ്രവേശിച്ചു് കണ്ണിൽക്കണ്ട രാക്ഷസന്മാരെയെല്ലാം അടിച്ചുതകത്തു് കാലാലയത്തിന്നു് അയച്ചുതുടങ്ങി. ഇതെല്ലാംകണ്ടു രാവണൻ തൻെറ രാക്ഷസപ്പടയോടുകൂടി രാമചന്ദ്രനോടു യുദ്ധത്തിനു പുറപ്പെട്ടു. സുഗ്രീവൻെറ സൈന്യങ്ങഠം മലവെള്ളംപോലെ ആത്തിരമ്പിവരുന്ന രാക്ഷസപ്പടയോടേററു് ഭയങ്കരമായ യുദ്ധം തുടങ്ങി. രാവണൻ തൻെറ രഥ

ത്തിലും രാമലക്ഷ്മണന്മാർ സുഗ്രീവൻെറയും ഹനുമാൻെറയും സ്കന്ധങ്ങളിലും ഇരുന്നു പരസ്പരം ശരമാരി വർഷിച്ചുതുടങ്ങി. അവരുടെ സംഗരം ഇതിനുമുമ്പുണ്ടായിട്ടില്ലാത്തവിധം അത്ര ഭയങ്കരമായിരുന്നു. രണ്ടു കക്ഷിയിലുമുള്ള അനേകായിരം ഭടന്മാർ ചത്തൊടുങ്ങി. ഒടുവിൽ രാവണനും അവൻെറ ശേഷിച്ച സൈന്യവും പരാജിതരായി ഓടിക്കളഞ്ഞു.

അതിനുശേഷം രാവണൻെറ മറെറാരു സഹോദരനായ കുംഭകർണ്ണനെന്ന രാക്ഷസൻ വന്നു യുദ്ധംതുടങ്ങി. രാമലക്ഷ്മണന്മാർ അവനെ വളരെവേഗം യമപുരത്തിന്നയച്ചു. ഇതുകണ്ടു് അവൻെറ സൈന്യങ്ങൾ ഓടിപ്പോയി രാവണനെ വിവരമറിയിച്ചു. കോപാകുലനായ രാവണൻ വീണ്ടും രാമലക്ഷ്മണന്മാരോടു യുദ്ധത്തിലെതിരിടാൻ പുറപ്പെട്ടു. എന്നാൽ അവൻെറ പുത്രനായ ഇന്ദ്രജിത്തു വന്നു് പിതാവിനെ പിന്നിലാക്കിയിട്ടു് അവൻതന്നെ രാമലക്ഷ്മണനികടത്തിലേയ്ക്കു പുറപ്പെട്ടു യുദ്ധമാരംഭിച്ചു. ഈ യുദ്ധം ആദ്യം നടന്ന രാമരാവണയുദ്ധത്തേക്കാൾ ഭയങ്കരമായി ഭവിച്ചു. ഇതിനിടയിൽ ഇന്ദ്രജാലവിദഗ്ദ്ധനായ രാവണി ഒരു മോഹാസ്ത്രമയച്ചു രാമലക്ഷ്മണന്മാരെ ബോധഹീനരാക്കി നിലംപതിപ്പിച്ചു. അനന്തരം ഇന്ദ്രജിത്തു് ജയഭേരി മുഴക്കിക്കൊണ്ടു കൊട്ടാരത്തിലേയ്ക്കു പോയി രാമലക്ഷ്മണന്മാരെ കൊന്നുകളഞ്ഞുവെന്നു് രാവണനോടും മററും പറഞ്ഞു തൻെറ വീരത്വം പ്രകടിപ്പിച്ചു.

രാമലക്ഷ്മണന്മാർ ബോധമില്ലാതെ വീണതുകണ്ടു് വിഭീഷണൻെറ അഭിപ്രായപ്രകാരം ഹനുമാൻ മരുത്വാമലയിൽചെന്നു് ഒരു പച്ചമരുന്നു പറിച്ചുകൊണ്ടുവന്നു പിഴിഞ്ഞുകൊടുത്തു് അവരുടെ ക്ഷീണം തീർത്തു. ഈ സംഭവം ചാരന്മാർവഴിയറിഞ്ഞ ഇന്ദ്രജിത്തു് പൂർവ്വവൽ അഹങ്കാരപ്രമത്തനായി ഓടിവന്നു വീണ്ടും യുദ്ധംതുടങ്ങി.

ഈ യുദ്ധത്തിൽ ലക്ഷ്മണൻ ഇന്ദ്രജിത്തിൻെറ കൈകാലുകളും തലയും പ്രത്യേകം പ്രത്യേകം അരിഞ്ഞുവീഴ്ത്തി അവനെ നിഗ്രഹിച്ചു.

വിശ്രുതപരാക്രമിയായ പുത്രൻ മരിച്ചുവെന്നറിഞ്ഞപ്പോൾ രാവണൻ ഇടിനാദംപോലെ അലറിക്കൊണ്ടു വീണ്ടും ഓടിവന്നു രാമലക്ഷ്മണന്മാരോടു പോർതുടങ്ങി. ഇത്തവണത്തെ രണം അതിഭയങ്കരമായിരുന്നു. രാമരാവണന്മാരുടെ ശരപ്രയോഗംകൊണ്ടു് ആകാശം നിറഞ്ഞു. പൊടിയിളകി സൂര്യബിംബം മറഞ്ഞു. അംഗദൻ ജാംബവാൻ തുടങ്ങിയ വീരനേതാക്കൾ ആയിരക്കണക്കിനു രാക്ഷസപ്പടയാളികളെ അരിഞ്ഞുവീഴ്ത്തി. ആ പോർക്കളത്തിൽ അനവധി രക്തനദികളാവിർഭവിച്ചു. അങ്ങനെ ആ ഭയങ്കരസംഗരം മൂന്നു രാപകൽ ഒരുപോലെ നീണ്ടുനിന്നു. രാവണൻെറ ശരീരം മുഴുവൻ രാമബാണമേററു മുറിഞ്ഞു. അവൻെറ ഭടന്മാർ ഒന്നൊഴിയാതെ ചത്തൊടുങ്ങി. എങ്കിലും ശക്തിമാനായ രാവണൻ പരാജയപ്പെട്ടോടുകയോ തളർന്നുവീഴുകയോ ചെയ്തില്ല. രാമചന്ദ്രൻെറ ദിവ്യാസ്ത്രപ്രയോഗങ്ങളെല്ലാം അപ്പൊപ്പോൾ പ്രത്യസ്ത്രംകൊണ്ടു രാവണൻ നശിപ്പിച്ചുകൊണ്ടിരുന്നു. ഒടുവിൽ അഗസ്ത്യമഹർഷിയിൽനിന്നും കിട്ടിയിരുന്ന ഉപദേശമനുസരിച്ചു രാഘവൻ ബ്രഹ്മാസ്ത്രമെടുത്തുജപിച്ചു രാവണൻെറ നേരെ പ്രയോഗിച്ചു. ആ ഗംഭീരാസ്ത്രം രാവണൻെറ ഗളച്ഛേദംചെയ്തു സമുദ്രത്തിൽപോയി രക്തം കഴുകിക്കളഞ്ഞു വീണ്ടും രാമതൂണീരത്തിൽവന്നുവീണു.

രാവണൻ മരിച്ചുവീഴുന്നതുകണ്ടു വിഭീഷണൻ വാവിട്ടുകരഞ്ഞുപോയി. അദ്ദേഹത്തെ രാമചന്ദ്രൻ തലോടി ആശ്വസിപ്പിച്ചു. ഇതിനിടയ്ക്കു സുഗ്രീവസൈന്യങ്ങൾ അത്യുത്സാഹത്തോടെ ജയഘോഷം മുഴക്കി.

# 14. രാമപട്ടാഭിഷേകം

അനന്തരം രാമലക്ഷ്മണന്മാർ ഹനുമാൻ, സുഗ്രീവൻ, വിഭീഷണൻ മുതലായവരോടൊന്നിച്ച് അശോകവനത്തിൽ ചെന്നു സീതാദേവിയെ കണ്ടു. പരിശുദ്ധയായ ജാനകീദേവി രാമപാദാന്തികത്തിൽ വീണുകിടന്നു നമസ്കരിച്ചു. അവർ പഞ്ചവടിയിൽവെച്ചു ലക്ഷ്മണനെ അന്യഥാ ചിന്തിക്കുകയും അകാരണമായി ശകാരിക്കുകയും ചെയ്തതിൽ മനംനൊന്തു് എല്ലാവരും കേൾക്കെത്തന്നെ കിടന്ന കിടപ്പിൽ അദ്ദേഹത്തോടു മാപ്പുചോദിച്ചു. അതുകഴിഞ്ഞു് രാമൻ സീതയെ എഴുന്നേല്പിച്ചു് മററുള്ളവരോടൊപ്പം രാവണൻെറ അന്തഃപുരത്തിൽചെന്നു് ദുഃഖപീഡിതരായി ശയിക്കുന്ന മണ്ഡോദരിയേയും സുലോചന മുതലായ മററു സ്ത്രീകളെയും സമാശ്വസിപ്പിച്ചു് വിഭീഷണൻെറ കൊട്ടാരത്തിൽ പോയി വിശ്രമിച്ചു.

അടുത്ത ശുഭമുഹൂത്തത്തിൽതന്നെ രാമൻ വിഭീഷണനെ ലങ്കാധിപനായി അഭിഷേകംചെയ്തു് ലങ്കാരാജ്യത്തിൻെറ ഭരണകൂടത്തിൽ പുതിയ പരിഷ്കാരങ്ങൾ നടപ്പാക്കി.

അന്നു് രാമൻ വനവാസത്തിനു പുറപ്പെട്ടിട്ടു് പതിന്നാലുവഷം തികയുന്ന ദിവസമായിരുന്നു. സീതാദേവി ഈ വിവരം ആര്യപുത്രനെ ഓമ്മപ്പെടുത്തി. ഉടൻതന്നെ രാമചന്ദ്രൻ അയോദ്ധ്യയിലേയ്ക്കു പുറപ്പെടുന്നതിനു സന്നദ്ധനായി വിവരം സ്നേഹിതരെ അറിയിച്ചു. രാമലക്ഷ്മണന്മാരും സീതാദേവിയും സുഗ്രീവൻ, ഹനുമാൻ, ജാംബവാൻ മുതലായ കിഷ്കിന്ധാധിപന്മാരുമൊന്നിച്ചു വിമാനത്തിൽകയറി. വിഭീഷണൻ അപ്പോൾതന്നെ ബഹുമാനപുരസ്സരം യാത്രയയച്ചു. സുഗ്രീവൻെറ സൈന്യങ്ങൾ കാൽനടയായും പുറപ്പെട്ടു.

വിമാനം നേരെ കിഷ്കിന്ധയിൽ വന്നിറങ്ങി സുഗ്രീവാദികളെ അവിടെ വിട്ടുംവച്ചു് ഉടനേതന്നെ അയോദ്ധ്യയിലേയ്ക്കു പുറപ്പെട്ടു.

രാമലക്ഷ്മണന്മാർ സീതാദേവിയോടുകൂടി വനയാത്രയ്ക്കു പുറപ്പെട്ട പതിന്നാലു സംവത്സരം തികയുന്ന രാത്രിയുംകഴിഞ്ഞു് പിറേറദിവസം പ്രഭാതമായിട്ടും തന്നോടു ചെയ്ത ശപഥമനുസരിച്ചു് രാമചന്ദ്രനേയും സീതാദേവിയേയും ലക്ഷ്മണനേയും കാണായ്കയാൽ ഭരതൻ ഒരഗ്നികുണ്ഡം ഉണ്ടാക്കി അതിൽ ചാടി ദഹിക്കുവാൻ തീൎച്ചയാക്കി. തൽസമയം ആകാശത്തിൽ ഒരു ഇരമ്പൽ കേട്ടു ഭരതനും അവിടെ കൂടിയിരുന്ന ബന്ധുജനങ്ങളും ആകാശത്തേയ്ക്കു നോക്കിക്കൊണ്ടുനിന്നു. ഉത്തരക്ഷണത്തിൽ രാമാദികളെ വഹിച്ചുകൊണ്ടു് ഒരു വിമാനം അവരുടെ മുമ്പിൽ വന്നിറങ്ങി. അതിൽനിന്നും പുറത്തുവന്ന രാമചന്ദ്രനെ കണ്ടയുടൻ ഭരതൻ ഓടിച്ചെന്നു് ഭക്തിപൂൎവ്വം സാഷ്ടാംഗപ്രണാമംചെയ്തു. പാദംവരെ നീണ്ടുവളൎന്ന ജഡയോടുകൂടിയ ഭരതനെ രാമൻ എഴുനേല്പിച്ചു പലവുരു ചുംബിച്ചു. ഹാ! ഹാ! ആ സമയത്തു് അവിടെയുണ്ടായിരുന്ന അന്തഃപുരവാസികളിൽ തത്തിക്കളിച്ച ആനന്ദം അവൎണ്ണനീയമായിരുന്നു.

അനന്തരം അടുത്ത ശുഭമുഹൂൎത്തത്തിൽതന്നെ രാമചന്ദ്രനു മകുടാഭിഷേകംചെയ്യുവാൻ ഭരതനും മന്ത്രിമാരും മററും ആലോചിച്ചു തീൎച്ചയാക്കി. അതിൻപ്രകാരം സാമന്തരാജാക്കന്മാൎക്കും ബന്ധുക്കാൎക്കും മററും ക്ഷണപത്രികയുമായി ദൂതന്മാരെ നിയോഗിച്ചു.

രാമാഭിഷേകത്തിനുള്ള ദിവസമായി. അയോദ്ധ്യാനഗരം മുഴുവൻ മഹോത്സവത്തിൻെറ കൂത്തരങ്ങായിത്തീൎന്നു. ഭൂലോകത്തിലുള്ള എല്ലാ മഹൎഷീശ്വരന്മാരും അയോദ്ധ്യയിലെത്തിച്ചേൎന്നിട്ടുണ്ടു്. പ്രത്യേകം ക്ഷണിക്കപ്പെട്ട

അതിഥികളുടെ കൂട്ടത്തിൽ വിഭീഷണൻ, സുഗ്രീവൻ, ഹനുമാൻ എന്നിവർ മുൻഗണനയാജ്ജിച്ചു. അഭിഷേക മുഹൂത്തമെടുത്തു. രാമചന്ദ്രൻ സിംഹാസനാരൂഢനായി. മഹർഷിമാർ വേദപാരായണവും ഈശ്വരസ്തോത്രവും കൊണ്ടു് ആ രംഗം മുഖരിതമാക്കി. വിഭീഷണൻ ലങ്കയിൽനിന്നും കൊണ്ടുവന്നിരുന്ന വിശേഷപ്പെട്ട അനവധി രത്നങ്ങരം രാമചന്ദ്രനു കാഴ്ചവച്ചു് അന്നുമുതൽ ലങ്കാരാജ്യം കോസലരാജ്യത്തിൻെറ മേൽഭരണത്തിനു വിട്ടുകൊടുത്തു. സുഗ്രീവനാകട്ടെ, തൻെറ പ്രധാനമന്ത്രിയും മഹാരാജ്യതന്ത്രജ്ഞനുമായ ഹനുമാനെ രാമചന്ദ്രൻെറ ഭരണോപദേഷ്ടാവും അംഗരക്ഷകനുമായി അദ്ദേഹത്തിൻെറ മുമ്പിൽ സമർപ്പണംചെയ്തു. കൂടാതെ കിഷ്കിന്ധാരാജ്യവും രാമചന്ദ്രൻെറ ഭരണത്തിൻകീഴിൽ ചേക്കപ്പെട്ടു.

ഇപ്രകാരമെല്ലാം സകല സൌഭാഗ്യങ്ങളും സകലവിധമായ ഐശ്വര്യാനുഭൂതികളും തികഞ്ഞ രാമചന്ദ്രൻ അനേകസംവത്സരം കോസലചക്രവത്തിയായിരുന്നു് പ്രജാപരിപാലനംചെയ്തു. അദ്ദേഹത്തിൻെറ അത്ഭുതകരമായ ഭരണസാമത്ഥ്യം കണ്ടു് പ്രജാലോകം അദ്ദേഹത്തെ ദൈവത്തിൻെറ അവതാരമായി വിശ്വസിക്കുകയും "ശ്രീരാമൻ" "ശ്രീരാമൻ" എന്നു് സംബോധനചെയ്യുതു കൂടാതെ ഇപ്രകാരം പാടിപ്പുകഴ്ത്തുകയുംചെയ്തു.

"രഘുപതി രാഘവ രാജാറാം
പതിത പാവന സീതാറാം."

ശുഭം.

---

സംസ്കൃതഭാരതം ആരണ്യപർവത്തിലെ ശ്രീരാമോപാഖ്യാനത്തിൽനിന്നു്.

# KOTTAYAM PUBLIC LIBRARY

ന200 **KOTTAYAM**

Cl. No. ANA-B Acc. No. 26522

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 27 JUL 2008 | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 25 Ps. per day will be charged

ന200
ANA-B
26522

ആനന്ദവല്ലി. ചി

ബാലരാമായണം

Indic Digital Archive Foundation

KOTTAYAM PUBLIC LIBRARY

Call No. ന2൦൦ ANA-B Acc. No. 26522

Author ആനന്ദവല്ലി.പി

Title ബാലരാമായണം

gpura.org